# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## തൃപ്രങ്ങോട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in
ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSAMPM.17/2429/23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 04/12/2023
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തൃപ്രങ്ങോട് ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : തൃപ്രങ്ങോട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തൃപ്രങ്ങോട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSAMPM.17/2429/23 തീയ്യതി: 04/12/2023

## മലപ്പുറം ജില്ലയിലെ തൃപ്രങ്ങോട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

**(1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ തൃപ്രങ്ങോട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 16-01-2023 മുതൽ 30-09-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 34 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 15 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 28-10-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. ചിത്രലേഖ. കെ. കെ, കെ.എ.എസ് | ഡെപ്യൂട്ടി ഡയറക്ടർ | 19-10-2023 | 28-10-2023 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 19-10-2023 | 28-10-2023 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ. റിഷിൽ. പി, ഓഡിറ്റ് ഓഫീസർ

ശ്രീ. ഷാജഹാൻ ഖുറൈശി. എം, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീമതി. ലത. ഒ. വി, സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ. ബിജീഷ് മോഹൻ. റ്റി, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീമതി. ശാലിനി | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ. അബ്ബാസ്. പി. പി. | സെക്രട്ടറി | 01-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. ശ്രീനിവാസൻ. എം. | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 19-10-2022 |
| ശ്രീ. എൽദോസ് പോൾ | അസിസ്റ്റന്റ് സെക്രട്ടറി | 20-10-2022 | 31-03-2023 |
| ശ്രീമതി. സിന്ധു. പി. എ. | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 05-09-2022 |
| ശ്രീ. ശ്രീനാരായണൻ. എം. (അധിക ചുമതല) | അസിസ്റ്റന്റ് എഞ്ചിനീയർ | 06-09-2022 | 30-09-2022 |
| ശ്രീമതി. ആബിദ. പി. | അസിസ്റ്റന്റ് എഞ്ചിനീയർ | 01-10-2022 | 31-03-2023 |
| ഡോ. മുബാറക്ക് നദീർ കുട്ടി | മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി) | 01-04-2022 | 31-03-2023 |
| ഡോ. സമീറ. കെ. | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2022 | 31-03-2023 |
| ഡോ. ആംഗിരസ്. എസ്. | വെറ്ററിനറി സർജൻ | 01-04-2022 | 19-02-2023 |
| ഡോ. അശ്വനി സെൻ | വെറ്ററിനറി സർജൻ | 20-02-2023 | 31-03-2023 |
| ശ്രീമതി. സൂസമ്മ തോമസ് | ഹെഡ്മിസ്ട്രസ് | 01-04-2022 | 31-03-2023 |
| ശ്രീമതി. ഫസീല. ടി. കെ. | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീ. ഷാജിത്ത്. കെ. | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 31-03-2023 |
| ശ്രീമതി. ചിത്രലത. എ. | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ശ്രീ. ശ്രീജേഷ്. കെ. | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 24-02-2023 |
| ശ്രീമതി. ദിവ്യ. എം. പി. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (ആലത്തിയൂർ സർക്കിൾ) | 01-04-2022 | 31-03-2023 |
| ശ്രീമതി. അശ്വതി വിജയൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (ചമ്രവട്ടം സർക്കിൾ) | 01-04-2022 | 31-03-2023 |
| ശ്രീ. ശ്രീജേഷ്. കെ. | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല. | 1-1-1 |
| 3 | വാർഷിക ധനകാര്യപത്രികയിലെ തുകകൾ പൂർണ്ണസംഖ്യയായി രേഖപ്പെടുത്തിയില്ല. | 1-1-2 |
| 4 | സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തിയില്ല. | 1-1-3 |
| 5 | ആസ്തി ശീർഷകത്തിലെ തൻവർഷ മുന്നിരിപ്പ് മുൻവർഷ നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നില്ല. | 1-1-4 |
| 6 | ബാധ്യത ശീർഷകത്തിലെ തൻവർഷ മുന്നിരിപ്പ് മുൻവർഷ നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നില്ല. | 1-1-5 |
| 7 | മാന്വൽ രസീത് ഉപയോഗിച്ച് പിരിച്ച തുക ശരിയായ ശീർഷകത്തിൽ പോസ്റ്റ് ചെയ്തില്ല | 1-1-6 |
| 8 | ഇൻകം ഓവർ എക്സ്പെന്റിച്ചർ തുക തെറ്റായി രേഖപ്പെടുത്തി. | 1-1-7 |
| 9 | ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല. | 1-1-8 |
| 10 | ഗുണഭോക്തൃ വിഹിതം ഇനത്തിൽ ബാലൻസ് ഷീറ്റിൽ തെറ്റായി തുക രേഖപ്പെടുത്തി | 1-1-9 |
| 11 | നൽകി മൂന്ന് മാസത്തിൽ കൂടുതലായിട്ടും പണമാക്കാത്ത ചെക്കുകൾ സ്റ്റേൽ ചെക്ക് ശീർഷകത്തിലേയ്ക്ക് മാറ്റിയില്ല. | 1-1-10 |
| 12 | ബാങ്ക് റീകൺസിലിയേഷൻ പത്രികയിൽ ബാങ്ക് ബുക്ക് ബാലൻസ് തെറ്റായി രേഖപ്പെടുത്തി. | 1-1-11 |
| 13 | ബാങ്ക് പാസ്ബുക്ക്/സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. | 1-1-12 |
| 14 | ആസ്തി രജിസ്റ്റർ കാലികമാക്കിയില്ല. | 1-1-13 |
| 15 | തനത് ഫണ്ടിനോടൊപ്പം സൂക്ഷിച്ച ഗ്രാന്റ് തുകകൾക്ക് അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സൂക്ഷിക്കുന്നില്ല. | 1-1-14 |
| 16 | ഗ്രാന്റ് നീക്കിയിരിപ്പ് തുകയും ബന്ധപ്പെട്ട ബാങ്ക് നീക്കിയിരിപ്പ് തുകയും പൊരുത്തപ്പെടുന്നില്ല. | 1-1-15 |
| 17 | ബജറ്റ് | 1-2 |
| 18 | സാമ്പത്തിക വിശകലനം | 1-3 |
| 19 | ഫണ്ട് വിനിയോഗം (ACR പ്രകാരം) | 1-4 |
| 20 | ഗ്രാന്റ് തുകകളിലെ വ്യത്യാസം | 1-4-1 |
| 21 | പദ്ധതി അവലോകനം | 1-5 |
| 22 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 23 | ക്ഷേമപദ്ധതികൾ | 1-7 |
| 24 | ക്യാഷ് പരിശോധന | 1-8 |
| 25 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 26 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 27 | തനത് വരുമാനം സംബന്ധിച്ച അവലോകനം. | 1-11 |
| 28 | നിക്ഷേപ പ്രവൃത്തികളിൽ ക്രമീകരിക്കാൻ അവശേഷിക്കുന്ന മുൻകൂറുകൾ - അവലോകനം. | 1-12 |
| 29 | നിയമാനുസൃതമല്ലാത്ത കെട്ടിട നിർമ്മാണങ്ങളിന്മേൽ തുടർനടപടി സ്വീകരിക്കേണ്ടതാണ്. | 1-13 |
| 30 | അപാകതയുള്ള പാർക്കിംഗ് പ്ലാനിന് അംഗീകാരം നൽകി. | 1-14 |
| 31 | ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിക്കേണ്ടതാണ്. | 1-15 |
| 32 | സ്വകാര്യ ആശുപത്രി/പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ ഉറപ്പുവരുത്തേണ്ടതാണ്. | 1-16 |
| 33 | മരാമത്ത് പ്രവൃത്തികളിൽ കരാറുകാർക്ക് അധികം അനുവദിച്ച തുകകൾ ഓഡിറ്റ് അന്വേഷത്തിന് മറുപടിയായി തിരിച്ചടവാക്കി - അടവാക്കിയത് 39,655 രൂപ | 1-17 |
| 34 | അസി.എഞ്ചിനീയറുടെ ഓഫീസിലെ വാഹന വാടക – ആദായ നികുതി ഈടാക്കിയില്ല. | 1-18 |
| 35 | അസി.എഞ്ചിനീയർ - കാഷ്ബുക്ക് ക്രമപ്രകാരം പരിപാലിക്കുന്നില്ല- 2022-23 സാമ്പത്തിക | 1-19 |

| | | |
|---|---|---|
| | വർഷത്തിൽ ബാങ്കിലെ നീക്കിയിരിപ്പ് (31.03.23ന് ) 1,16,716.08 രൂപ | |
| 36 | എസ്.എസ്.കെ വിഹിതം അടവാക്കൽ - രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ് | 1-20 |
| 37 | തെരുവ് വിളക്ക് റിപ്പയർ - അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ് | 1-21 |
| 38 | കുടിവെള്ള വിതരണം - അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്. | 1-22 |
| 39 | പരിധിയിൽ കവിഞ്ഞ് നൽകിയ യാത്രാബത്ത തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ് | 1-23 |
| 40 | മെഡിക്കൽ ഓഫീസർ FHC നിർവ്വഹണം നടത്തിയ പദ്ധതികൾ - വിശദീകരണം ലഭ്യമാക്കേണ്ടതാണ്. | 1-24 |
| 41 | മരുന്നുകൾ പൂർണ്ണമായി ലഭ്യമായിട്ടില്ല | 1-25 |
| 42 | ചെലവുകളുടെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കണ്ടതാണ് | 1-26 |
| 43 | രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. | 1-26-1 |
| 44 | രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ് | 1-26-2 |
| 45 | പോഷകാഹാര വിതരണം - അപാകതകൾ | 1-27 |
| 46 | മുഴുവൻ മരുന്നും ലഭ്യമാകാത്തതു സംബന്ധിച്ച് | 1-28 |
| 47 | ലൈഫ് മിഷൻ പദ്ധതി - ഭവനനിർമാണത്തിന് മാർഗ രേഖയ്ക്കു വിരുദ്ധമായി അധികം തുക നൽകി. | 1-29 |
| 48 | ഭവന നിർമ്മാണം ആരംഭിച്ചിട്ടില്ല. | 1-30 |
| 49 | കിച്ചൺ വേസ്റ്റ് ഡൈജസ്റ്റ് : പദ്ധതി നടത്തിപ്പിലെ അപാകതകൾ | 1-31 |
| 50 | കറവ പശുക്കൾക്ക് കാലിത്തീറ്റ (ജനറൽ) - വിശദമായ രേഖകൾ ലഭ്യമാക്കിയില്ല | 1-32 |
| 51 | കറവ പശുക്കൾക്ക് കാലിത്തീറ്റ (SC)- വിശദമായ രേഖകൾ ലഭ്യമാക്കിയില്ല. | 1-33 |
| 52 | വാഹനം വാടക - ആദായ നികുതി ഈടാക്കിയില്ല | 1-34 |
| 53 | പി.എം.എ.വൈ പദ്ധതി - വിവരം ലഭ്യമാക്കിയില്ല. | 1-35 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| 1 | ലൈഫ് മിഷൻ പദ്ധതി - ഭവനനിർമാണത്തിന് മാർഗ രേഖയ്ക്കു വിരുദ്ധമായി അധികം തുക നൽകി. | 3-1 |
| 2 | പരിധിയിൽ കവിഞ്ഞ് നൽകിയ യാത്രാബത്ത തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ് | 3-2 |
| | ഭാഗം **4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-8 |
| 9 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I). കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1&11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 2(1)/21.07.2023 കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 14.09.2023 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള തൃപ്രങ്ങോട് ഗ്രാമ പഞ്ചായത്തിന്റെ മാർച്ച് 2023ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

II). C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച് അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

III). എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, തൃപ്രങ്ങോട് ഗ്രാമ പഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

**ഡെപ്യൂട്ടി ഡയറക്ടർ**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം**

മലപ്പുറം
തീയതി: 04-12-2023

### 1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62(2)(ഇ) പ്രകാരമുള്ള കുറിപ്പുകൾ, 62(2)(എഫ്) പ്രകാരമുള്ള അനുപാതങ്ങൾ, 62(3) പ്രകാരമുള്ള മുൻവർഷ താരതമ്യ തുകകൾ എന്നിവ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

### 1-1-2 വാർഷിക ധനകാര്യപത്രികയിലെ തുകകൾ പൂർണ്ണസംഖ്യയായി രേഖപ്പെടുത്തിയില്ല.

2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62(4) പ്രകാരം വാർഷിക ധനകാര്യപത്രികയിലെ തുകകൾ പൂർണ്ണസംഖ്യയിൽ രേഖപ്പെടുത്തേണ്ടതാണെങ്കിലും ബാലൻസ് ഷീറ്റിൽ 310100101, 310900101, 320200301, 320100152, 320100197, 350300101, 450210101, 450250025, 450270001 എന്നീ ശീർഷകങ്ങളിൽ തുകകൾ ദശാംശ സംഖ്യയായി രേഖപ്പെടുത്തിയിട്ടുണ്ട്.

### 1-1-3 സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തിയില്ല.

അക്രൂവൽ അടിസ്ഥാനത്തിലുള്ള വരവുകൾക്ക് വർഷാരംഭത്തിലും തുടർന്ന് എല്ലാ മാസവും ഡിമാന്റ് എൻട്രി നടത്താതെ 31.03.2023 തീയ്യതിയിൽ മാത്രമാണ് ഡിമാന്റ് എൻട്രി വരുത്തിയിട്ടുള്ളത്.

## 1-1-4 ആസ്തി ശീർഷകത്തിലെ തൻവർഷ മുന്നിരിപ്പ് മുൻവർഷ നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നില്ല.

താഴെപ്പറയുന്ന ആസ്തി ശീർഷകത്തിൽ 31.03.2022 തീയ്യതിയിലെ ഓഡിറ്റ് ചെയ്ത ബാലൻസ് ഷീറ്റ് പ്രകാരമുള്ള നീക്കിയിരിപ്പ്, 01.04.2022 തീയ്യതിയിലെ ട്രയൽ ബാലൻസ് മുന്നിരിപ്പ് എന്നിവ പൊരുത്തപ്പെടുന്നില്ല.

| അക്കൗണ്ട് ശീർഷകം | 31.03.2022 തീയ്യതിയിലെ നീക്കിയിരിപ്പ് (₹) | 01.04.2022 തീയ്യതിയിലെ മുന്നിരിപ്പ് (₹) | വ്യത്യാസം (₹) |
|---|---|---|---|
| 450210101 - STATE BANK OF INDIA - (67387650473) | 59,171 | 59,176 | 5 |
| **ആകെ** | **59,171** | **59,176** | **5** |

കുറിപ്പ് : സംഖ്യ മുഖേന തയാറാക്കിയ മുൻ വർഷ ബാലൻസ് ഷീറ്റിൽ ഈ ശീർഷകത്തിന്റെ കോഡ് 450210102 എന്നായിരുന്നു.

## 1-1-5 ബാധ്യത ശീർഷകത്തിലെ തൻവർഷ മുന്നിരിപ്പ് മുൻവർഷ നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നില്ല.

താഴെപ്പറയുന്ന ബാദ്ധ്യത ശീർഷകങ്ങളിൽ 31.03.2022 തീയ്യതിയിലെ ഓഡിറ്റ് ചെയ്ത ബാലൻസ് ഷീറ്റ് പ്രകാരമുള്ള നീക്കിയിരിപ്പ്, 01.04.2022 തീയ്യതിയിലെ ട്രയൽ ബാലൻസ് മുന്നിരിപ്പ് എന്നിവ പൊരുത്തപ്പെടുന്നില്ല.

| അക്കൗണ്ട് ശീർഷകം | 31.03.2022 തീയ്യതിയിലെ നീക്കിയിരിപ്പ് (₹) | 01.04.2022 തീയ്യതിയിലെ മുന്നിരിപ്പ് (₹) | വ്യത്യാസം (₹) |
|---|---|---|---|
| 350300112 - Government And Other Dues Payable -Value Of Court Fee Stamp | 0 | 5 | 5 |
| **ആകെ** | **0** | **5** | **5** |

കുറിപ്പ് : സംഖ്യ മുഖേന തയാറാക്കിയ മുൻ വർഷ ബാലൻസ് ഷീറ്റിൽ ഇത്തരം ഒരു ശീർഷകം ഇല്ലായിരുന്നു.

## 1-1-6 മാന്വൽ രസീത് ഉപയോഗിച്ച് പിരിച്ച തുക ശരിയായ ശീർഷകത്തിൽ പോസ്റ്റ് ചെയ്തില്ല

16.09.2022 തീയ്യതിയിൽ മാന്വൽ രസീത് ബുക്ക് നമ്പർ 7238 ലെ 2, 3 എന്നീ നമ്പർ രസീതുകൾ പ്രകാരം പിഴ ഇനത്തിൽ 1,000/- രൂപ വീതം പിരിച്ചെടുക്കുകയും ഈ 2,000/- രൂപ അന്നേ ദിവസം ഫ്രണ്ട് ഓഫീസിൽ അടവാക്കി 1220301035 നമ്പർ രസീത് പ്രകാരം 431910201 - Outdoor Collection Control Account എന്ന ആസ്തി ശീർഷകത്തിൽ ബുക്ക് ചെയ്യുകയും ഉണ്ടായിട്ടുണ്ട്. എന്നാൽ ഈ തുക ബന്ധപ്പെട്ട വരവ് ശീർഷകത്തിലേയ്ക്ക് (140200199 - Penalties And Fines - Other Penalties) പോസ്റ്റ് ചെയ്തിട്ടില്ലാത്തതിനാൽ ഈ തുക ഇൻകം ആന്റ് എക്സ്പെന്റിച്ചർ പത്രികയിൽ വരവായി രേഖപ്പെടുത്തിയിട്ടില്ല.

## 1-1-7 ഇൻകം ഓവർ എക്സ്പെന്റിച്ചർ തുക തെറ്റായി രേഖപ്പെടുത്തി.

വാർഷിക കണക്ക് ഇൻകം ആന്റ് എക്സ്പെന്റിച്ചർ പത്രിക സംഗ്രഹം പ്രകാരം വരവ് - ചെലവ് = ₹17,49,23,564 - ₹17,45,25,287 = ₹3,98,277 ആണ്. മുൻകാല വരവ് (I-19) - മുൻകാല ചെലവ് (I-18) = ₹1,56,917 - ₹27,96,010 = ₹-26,39,093 ആണ്. ഖണ്ഡിക നം. 1-1-6 പ്രകാരമുള്ള അപാകതയിൽ പറഞ്ഞിട്ടുള്ള ₹2,000 കൂടി കണക്കിലെടുത്ത് മുൻകാല വരവ് ചെലവുകൾ ക്രമീകരിച്ചതിന് ശേഷമുള്ള ഇൻകം ഓവർ എക്സ്പെന്റിച്ചർ തുകയായി ₹3,98,277 + ₹-26,39,093 + ₹2,000 = ₹-22,38,816 എന്നതിന് പകരം ₹-26,39,093 എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. തൻവർഷത്തെയും മുൻവർഷത്തെയും ബാലൻസ് ഷീറ്റുകളിലെ B1 ഷെഡ്യൂളുകളിൽ 310900101 – Excess Of Income Over Expenditure ശീർഷകത്തിൽ രേഖപ്പെടുത്തിയ തുകകൾ തമ്മിലുള്ള വ്യത്യാസം പരിശോധിക്കുമ്പോൾ ₹24,012,767.63 - ₹2,62,51,583.63 = ₹-22,38,816 എന്ന് ലഭിക്കുന്നതിനാൽ തൻവർഷത്തെ ഇൻകം ഓവർ എക്സ്പെന്റിച്ചർ തുക ബാലൻസ് ഷീറ്റിലേയ്ക്ക് ശരിയായി ക്യാരി ഓവർ ചെയ്തിട്ടുള്ളതായി മനസ്സിലാക്കാം.

## 1-1-8 ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോ തുകയും (₹1,50,16,115), മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി രേഖപ്പെടുത്തിയിരിക്കുന്ന തുകയും (₹47,15,591) തമ്മിൽ പൊരുത്തപ്പെടുന്നില്ല.

## 1-1-9 ഗുണഭോക്തൃ വിഹിതം ഇനത്തിൽ ബാലൻസ് ഷീറ്റിൽ തെറ്റായി തുക രേഖപ്പെടുത്തി

ബാലൻസ് ഷീറ്റിൽ 320800101 എന്ന ഹെഡിൽ 33,29,100/- രൂപ ഗുണഭോക്തൃ വിഹിതമിനത്തിൽ ബാധ്യതയായി രേഖപ്പെടുത്തിയിട്ടുണ്ട്. ആയത് ശരിയല്ല. ഇതിൽ മുൻവർഷങ്ങളിലെ ബാധ്യതയായി 25 ലക്ഷം രൂപയിലധികം

കാണിച്ചിട്ടുണ്ട്. പദ്ധതികളുടെ ഭാഗമായി ഗുണഭോക്തൃ വിഹിതം ചെലവഴിക്കുമ്പോൾ തത്തുല്യമായ തുക ഈ ഹെഡിൽ നിന്നും ജേണൽ എൻട്രി വരുത്തി മാറ്റുന്നില്ല.

**1-1-10 നൽകി മൂന്ന് മാസത്തിൽ കൂടുതലായിട്ടും പണമാക്കാത്ത ചെക്കുകൾ സ്റ്റേൽ ചെക്ക് ശീർഷകത്തിലേയ്ക്ക് മാറ്റിയില്ല.**

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 46 പ്രകാരം കാലാവധി കഴിഞ്ഞും പണമാക്കാത്തതും റീവാലിഡേറ്റ് ചെയ്യാത്തതുമായ ചെക്കുകൾ സ്റ്റേൽ ചെക്ക് അക്കൗണ്ട് എന്ന ഹെഡിലേയ്ക്ക് മാറ്റേണ്ടതുണ്ട്. ഗ്രാമപഞ്ചായത്തിന്റെ പേരിലുള്ള ബാങ്ക്/ട്രഷറി അക്കൗണ്ടുകളുടെ 31.03.2023 തീയ്യതിയിലെ ബാങ്ക് റീകൺസിലിയേഷൻ പത്രിക പ്രകാരം താഴെപ്പറയുന്ന ചെക്കുകൾ കാലാവധി കഴിഞ്ഞവയാണ്.

| ക്രമ നം | ചെക്ക് നം/തീയ്യതി | തുക (₹) | ബാങ്ക്/ട്രഷറി അക്കൗണ്ട് | അക്കൗണ്ട് ശീർഷകം |
|---|---|---|---|---|
| 1 | 154614487/08.04.2022 | 1,448 | STATE BANK OF INDIA TIRUR THAZHEPPAALAM (67387650473) | 450210101 |
| 2 | 154614487/08.04.2022 | 1,784 | | |
| 3 | 154614487/08.04.2022 | 1,751 | | |
| 4 | 154614487/08.04.2022 | 37,036 | | |
| 5 | 17737/14.12.2021 | 5,000 | SUB TREASURY, TIRUR (715051400000009 ) | 450210104 |
| 6 | 17745/22.12.2021 | 5,000 | | |
| 7 | 17123/17.11.2021 | 1,45,000 | | |
| 8 | 17119/16.11.2021 | 1,75,000 | | |
| 9 | 4525212/04.05.2022 | 11,600 | Sub Treasury, Tirur (799013000001088) | 450210104 |

**1-1-11 ബാങ്ക് റീകൺസിലിയേഷൻ പത്രികയിൽ ബാങ്ക് ബുക്ക് ബാലൻസ് തെറ്റായി രേഖപ്പെടുത്തി.**

താഴെപ്പറയുന്ന ബാങ്ക് അക്കൗണ്ടിന്റെ 31.03.2023 തീയ്യതിയിലെ ബാങ്ക് റീകൺസിലിയേഷൻ പത്രികയിൽ ബാങ്ക് ബുക്ക് പ്രകാരമുള്ള ബാലൻസ് ആയി രേഖപ്പെടുത്തിയ തുകയും, ബാങ്ക് ബുക്ക് പ്രകാരമുള്ള യഥാർത്ഥ ബാലൻസ് തുകയും വ്യത്യാസപ്പെട്ടിരിക്കുന്നു.

| ബാങ്ക് അക്കൗണ്ട് | 31.03.2023 തീയ്യതിയിലെ ബാങ്ക് ബുക്ക് ബാലൻസ് (₹) | | |
|---|---|---|---|
| | ബാങ്ക് റീകൺസിലിയേഷൻ പത്രികയിൽ രേഖപ്പെടുത്തിയത് | ബാങ്ക് ബുക്ക് പ്രകാരമുള്ള യഥാർത്ഥ ബാലൻസ് | വ്യത്യാസം |
| THE TIRUR URBAN CO-OPERATIVE BANK LTD ALATHIYUR (2206007007730) | 69,166 | 45,760 | 23,406 |

**1-1-12 ബാങ്ക് പാസ്ബുക്ക്/സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.**

ബാലൻസ് ഷീറ്റ് B-17 ഷെഡ്യൂൾ പ്രകാരമുള്ള താഴെപ്പറയുന്ന ബാങ്ക് അക്കൗണ്ടുകളിലെ നീക്കിയിരിപ്പ് തുകകളുടെ കൃത്യത ഉറപ്പുവരുത്താനായി ബാങ്ക് പാസ്ബുക്ക്/സ്റ്റേറ്റ്മെന്റ് ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം | അക്കൗണ്ട് ശീർഷകം | നീക്കിയിരിപ്പ് (₹) |
|---|---|---|
| 1 | 450210101 - SBI Wrong Account- (1234) | -1.00 |
| 2 | 450210101 - State Bank Of India- (10611583959) | 0.33 |
| 3 | 450210101 - Nationalised Bank Account Of Own Revenue Fund | 73,465.00 |
| 4 | 450250025 - OTHER CO-OPERATIVE BANK- (2082) | 0.50 |
| 5 | 450250025 - Indian Bank Padna Likna- (7155209959) | 1.00 |
| 6 | 450250037 - IDBI Bank S B M - (1044104000194549) | 0.00 |
| 7 | 450270001 - STATE BANK OF INDIA- (10611583960) | 0.38 |

### 1-1-13 ആസ്തി രജിസ്റ്റർ കാലികമാക്കിയില്ല.

ആസ്തി രജിസ്റ്റർ (സചിത്രം) കാലികമാക്കാത്തതിനാൽ വാർഷിക കണക്ക് പ്രകാരം ആസ്തികളുടെ മൂല്യം കണക്കാക്കിയതിന്റെ ആധികാരികത പരിശോധിച്ച് ഉറപ്പ് വരുത്താനായില്ല.

### 1-1-14 തനത് ഫണ്ടിനോടൊപ്പം സൂക്ഷിച്ച ഗ്രാന്റ് തുകകൾക്ക് അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

ബാലൻസ് ഷീറ്റ് B-4 ഷെഡ്യൂൾ പ്രകാരം ചെലവഴിക്കാൻ ബാക്കിയുള്ള ഗ്രാന്റ് തുകകളിൽ തനത് ഫണ്ടിനോടൊപ്പം സൂക്ഷിച്ച തുകകൾക്ക് അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ തയ്യാറാക്കിയിട്ടില്ലാത്തതിനാൽ, ഈ തുകകളുടെ കൃത്യത പരിശോധിക്കാനായിട്ടില്ല.

### 1-1-15 ഗ്രാന്റ് നീക്കിയിരിപ്പ് തുകയും ബന്ധപ്പെട്ട ബാങ്ക് നീക്കിയിരിപ്പ് തുകയും പൊരുത്തപ്പെടുന്നില്ല.

സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് ഇനങ്ങൾക്ക് ബാലൻസ് ഷീറ്റ് B-4 ഷെഡ്യൂൾ പ്രകാരമുള്ള ഫണ്ട് നീക്കിയിരിപ്പ് തുകയും B-17 ഷെഡ്യൂൾ പ്രകാരമുള്ള ബാങ്ക് നീക്കിയിരിപ്പ് തുകയും പൊരുത്തപ്പെടുന്നില്ല.

| B-4 ഷെഡ്യൂൾ പ്രകാരം | | B-17 ഷെഡ്യൂൾ പ്രകാരം | | വ്യത്യാസം (₹) |
|---|---|---|---|---|
| അക്കൗണ്ട് ശീർഷകം | നീക്കിയിരിപ്പ് (₹) | അക്കൗണ്ട് ശീർഷകം | നീക്കിയിരിപ്പ് (₹) | |
| 320200104 - Development Fund - Central Finance Commission Grant - Basic Tax Grant | 34,69,950 | KERALA GRAMIN BANK PFMS CFC (40147101068968) | 88,40,974 | 8,068 |
| 320200113 - Development Fund - Central Finance Commission Grant - Tied Fund | 53,62,956 | | | |
| **ആകെ** | **88,32,906** | | | |

### 1-2 ബജറ്റ്

| 2022-23ലെ ബജറ്റ് പാസ്സാക്കിയ തീരുമാനം നം./തിയ്യതി | 2022-23ലെ ബജറ്റ് പുതുക്കിയ തീരുമാനം നം./തിയ്യതി |
|---|---|
| 1(1)/24.03.2022 | NA |

### 1-3 സാമ്പത്തിക വിശകലനം

| ഇനം | തുക (₹) |
|---|---|
| മുന്നിരിപ്പ് | 3,16,11,322.71 |
| വരവ് | 19,82,24,121.00 |
| ആകെ | 22,98,35,443.71 |
| ചെലവ് | 19,35,08,530.00 |
| നീക്കിയിരിപ്പ് | 3,63,26,913.71 |

നോട്ട്:- വാർഷിക കണക്ക് റസീപ്റ്റ് ആന്റ് പേമെന്റ് പത്രികയിലെ തുകകളോടൊപ്പം, ഈ പത്രികയിൽ ഉൾപ്പെട്ടിട്ടില്ലാത്ത വിവിധ ഗ്രാന്റ് ഇനങ്ങളുടെ ട്രഷറി മുഖേനയുള്ള തുകകൾ, സേവന പെൻഷൻ ഇനങ്ങളിലെ തുകകൾ, തൊഴിലുറപ്പ് പദ്ധതിയുടെ EFMS തുക എന്നിവ കൂടി ഉൾപ്പെടുത്തിയാണ് വിവരം ചേർത്തിട്ടുള്ളത്.

### 1-4 ഫണ്ട് വിനിയോഗം (ACR പ്രകാരം)

| ഫണ്ടിനം | മുൻബാക്കി (₹) | തൻവർഷ വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കിയിരിപ്പ്/ ലാപ്സായ തുക (₹) |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 3,01,72,636 | 3,01,72,636 | 2,79,38,343 | 22,34,293 |
| വികസനഫണ്ട് (എസ്.സി.പി.) | 0 | 43,36,323 | 43,36,323 | 43,30,955 | 5,368 |
| സംരക്ഷണഗ്രാന്റ് (റോഡ്) | 0 | 1,63,04,000 | 1,63,04,000 | 38,52,954 | 1,24,51,046 |
| സംരക്ഷണഗ്രാന്റ് (റോഡിതരം) | 0 | 71,54,000 | 71,54,000 | 51,05,519 | 20,48,481 |

| | | | | | |
|---|---|---|---|---|---|
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | 0 | 1,19,97,086 | 1,19,97,086 | 86,52,105 | 33,44,981 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺ ടൈഡ്) | 0 | 62,39,328 | 62,39,328 | 42,71,930 | 19,67,398 |

## 1-4-1 ഗ്രാന്റ് തുകകളിലെ വ്യത്യാസം

വിവിധ ഫണ്ട് ഇനങ്ങളിലെ ചെലവ് തുകകൾ ഗ്രാന്റ് സ്റ്റേറ്റ്മെന്റ്, എ.സി.ആർ, വാർഷിക കണക്ക് എന്നിവയിൽ പൊരുത്തപ്പെടുന്നില്ല. വിശദാംശം ചുവടെ .

| ക്രമ നമ്പർ | ഫണ്ടിനം | ചെലവ് തുക (₹) | | |
|---|---|---|---|---|
| | | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് | എ.സി.ആർ | വാർഷിക കണക്ക് (I-6) |
| 1 | വികസന ഫണ്ട് - ജനറൽ | 3,07,04,564 | 2,79,38,343 | 2,90,68,989 |
| 2 | വികസന ഫണ്ട് - എസ്.സി.പി | 38,81,216 | 43,30,955 | 49,97,765 |
| 3 | സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - ടൈഡ് | 81,13,988 | 86,52,105 | 5,008294 |
| 4 | സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - അൺടൈഡ് | 42,71,930 | 42,71,930 | 29,56,423 |
| 5 | മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) | 47,05,519 | 51,05,519 | 42,33,373 |
| 6 | മെയിന്റനൻസ് ഗ്രാന്റ് (റോഡ്) | 38,52,954 | 38,52,954 | 25,84,955 |

വ്യത്യാസം വിശദീകരിക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 2/25.10.2023ന് സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രൊജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ (₹) | നടപാക്കിയത് (എണ്ണം) | പദ്ധതി ചെലവ് (₹) | ഭാഗികമായി നടപാക്കിയത് (എണ്ണം) | നടപാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 239 | 28,17,99,331 | 143 | 8,22,85,689 | 79 | 17 | 59.8% |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ.

ഇല്ല.

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് (₹) | വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കിയിരുപ്പ് (₹) |
|---|---|---|---|---|---|
| ഭരണചെലവുകൾ | 3,578 | 7,73,413 | 7,76,991 | 7,73,310 | 3,681 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 2,64,02,172 | 2,64,02,172 | 2,64,02,172 | 0 |
| **ആകെ** | **3,578** | **2,71,75,585** | **2,71,79,163** | **2,71,75,482** | **3,681** |

## 1-7 ക്ഷേമപദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക (₹) | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 2,18,200 | 2 |
| വിധവാപെൻഷൻ | 2,07,05,400 | 54 |
| വാർദ്ധക്യകാലപെൻഷൻ | 3,17,86,000 | 288 |

| | | |
|---|---|---|
| വികലാംഗപെൻഷൻ | 50,92,200 | 22 |
| വിവാഹ ധനസഹായം | 3,80,000 | 12 |
| 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 4,44,800 | 39 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 26.10.2023 ന് 3:17 PM മണിക്ക് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 1,53,636/- രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

1. സ്ഥിരാസ്തികളുടെ ഭൗതിക പരിശോധന പ്രതി വർഷം നടത്തി ആസ്തി രജിസ്റ്ററുകൾ കാലികമാക്കിയിട്ടില്ല. ഓരോ സാമ്പത്തിക വർഷത്തിന്റെയും ആരംഭത്തിൽ മുൻ വർഷം ആസ്തി രജിസ്റ്ററിൽ വന്നിട്ടുള്ള മാറ്റങ്ങളുടെ സംഗ്രഹ റിപ്പോർട്ട് ഭരണ സമിതിയ്ക്ക് സമർപ്പിക്കുകയും, അംഗീകാരത്തോടെ ഡിജിറ്റൽ രജിസ്റ്റർ പുതുക്കി തയ്യാറാക്കേണ്ടതുമാണ്. പൂർണ്ണമാക്കിയ രജിസ്റ്ററിന്റെ ഒരു പ്രിന്റ് സെക്രട്ടറിയും എൻജിനീയറും സാക്ഷ്യപ്പെടുത്തേണ്ടതാണ്. (തദ്ദേശ സ്വയം ഭരണ (ഡി.ബി.) വകുപ്പ്- 13.01.2010ലെ 58608/ഡി.ബി2/09 സർക്കുലർ. , 2011 ലെ കേരള പഞ്ചായത്ത് രാജ്(അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 58 (4)(ബി)).ആയത് പാലിച്ചിട്ടില്ല.

2.ഗവ.സർക്കുലർ 86/2010/ ഫിൻ തീ.24.09.10 പ്രകാരം കമ്പ്യൂട്ടർ ഹാർഡ്‌വെയർ, സോഫ്റ്റ്‌വെയർ എന്നിവയ്ക്കും പ്രത്യേക സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കണം എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ കമ്പ്യൂട്ടർ ഹാർഡ്‌വെയർ, സോഫ്റ്റ്‌വെയർ എന്നിവയ്ക്ക് പ്രത്യേക സ്റ്റോക്ക് രജിസ്റ്റർ പരിപാലിച്ചിട്ടില്ല.

3.സബ്സിഡി മാർഗ്ഗരേഖ പ്രകാരം അനുവദിക്കാവുന്ന തുകയിലും അധികരിച്ച് സബ്സിഡി തുക അനുവദിച്ചിട്ടുണ്ട്. ഖ. 3-1 കാണുക).

4. തെരുവ് വിളക്ക് പദ്ധതിയുമായി ബന്ധപ്പെട്ട് പരിപാലിക്കേണ്ട രജിസ്റ്ററുകൾ പരിപാലിക്കുന്നില്ല (പ്രത്യേക ഖണ്ഡിക കാണുക).

5. മെഡിക്കൽ ഓഫീസർ-കുടുംബാരോഗ്യ കേന്ദ്രം, കാഷ് ബുക്ക്, പ്രൊജക്ട് രജിസ്റ്റർ എന്നിവ എഴുതി സൂക്ഷിച്ചിട്ടില്ല.

6. കൃഷി ഓഫീസർ ഗുണഭോക്തൃവിഹിതം സ്വീകരിക്കാൻ ഉപയോഗിച്ച രസീതുകളിൽ പലതിലും തീയ്യതി രേഖപ്പെടുത്തിയിട്ടില്ല (ഉദാ: രസീത് ബുക്ക് നമ്പർ 7251 മുതൽ 7255 വരെ ഉപയോഗിച്ച് തയ്യാറാക്കിയ രസീതുകൾ). ഇവയുടെ കളക്ഷൻ രജിസ്റ്ററിൽ തീയ്യതി, വ്യക്തിയുടെ പേര് എന്നിവയും രേഖപ്പെടുത്തിയിട്ടില്ല. പ്രൊജക്ട് രജിസ്റ്ററിൽ ചെലവ് വിവരം ബിൽ തിരിച്ച് എഴുതുന്നില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 16.12.2022 – 17.12.2022 | 07/2022 മുതൽ 10/2022 വരെ | 17.12.2022 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 06.12.2022- 21-12-2022 | 2017-18 – 2021-22 | 10.02.2023 |

## 1-11 തനത് വരുമാനം സംബന്ധിച്ച അവലോകനം.

ആറാം സംസ്ഥാന ധനകാര്യകമ്മീഷന്റെ രണ്ടാമത് റിപ്പോർട്ടിലെ നിർദ്ദേശ പ്രകാരവും, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 11.07.2023ലെ ഡി.കെ.എസ്.എ.3683/എസ്.എസ്.3/2019 നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ചും വിഭവ സമാഹരണത്തിന്റെ കാര്യക്ഷമതക്ക് പ്രാധാന്യം നൽകിക്കൊണ്ട് നടത്തിയ പരിശോധന പ്രകാരം ലഭ്യമായ വിവരങ്ങൾ താഴെ ചേർക്കുന്നു.

**ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രവർത്തനം**

ഓഡിറ്റ് വർഷത്തിൽ 18 തവണ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി യോഗം ചേർന്നിട്ടുണ്ട്. വരവ് ചെലവ് കണക്ക് അംഗീകാരം, സെക്രട്ടറിയുടെയും മറ്റു സ്ഥാപനങ്ങളുടെയും പദ്ധതിയേതര ചെലവുകളുടെ അംഗീകാരം, ബജറ്റ് ഭേദഗതി അംഗീകാരം, കരട് വാർഷിക ബജറ്റ് അംഗീകാരം, വാർഷിക പദ്ധതിയിലേക്കുള്ള ശുപാർശകൾ, വേക്കൻസി റെമിഷൻ, പൊളിച്ചുകളയുന്ന കെട്ടിടങ്ങൾക്കും വിമുക്തഭടന്മാരുടെ വാസഗൃഹങ്ങൾക്കും നികുതി ഒഴിവാക്കൽ, വസ്തുനികുതി പുനർനിർണ്ണയം എന്നിവയാണ് പ്രധാന അജണ്ടയായി ചർച്ച ചെയ്തിട്ടുള്ളത്. പുതിയ തനത് വരുമാന മേഖലകൾ സംബന്ധിച്ച നിർദ്ദേശങ്ങൾ ഒന്നും

അവതരിപ്പിച്ചിട്ടില്ല.

ആറാം സംസ്ഥാന ധനകാര്യ കമ്മീഷന്റെ റിപ്പോർട്ടിലെ ശുപാർശ പ്രകാരം സാമ്പത്തിക മാനേജ്‌മെന്റിന്റെ ക്രമമായ പുരോഗതിയ്ക്കായി സ.ഉ (കൈ) നം. 117/2022/എൽ.എസ്.ജി.ഡി, തീയ്യതി 01.06.2022 പ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ ഉത്തരവിലെ ക്രമ നം. 2 പ്രകാരം എല്ലാ പ്രാദേശിക സർക്കാർ നികുതിവരുമാനത്തിന്റെയും ഡി.സി.ബി മൂന്ന് മാസത്തിലൊരിക്കലെങ്കിലും ഭരണസമിതി ചർച്ച ചെയ്ത് ഉദ്യോഗസ്ഥർക്ക് നിർദ്ദേശങ്ങൾ നൽകേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഓഡിറ്റ് വർഷത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നടത്തിയ യോഗങ്ങളിൽ ഒന്നും തന്നെ തനത് വരവുകൾ പിരിച്ചെടുക്കുന്നതിന്റെ പുരോഗതി ചർച്ച ചെയ്തിട്ടില്ല. 2022-23 വർഷത്തിൽ തൻവർഷത്തെ വസ്തുനികുതി പാർപ്പിട കെട്ടിടങ്ങളുടേത് 98.17%, പാർപ്പിടേതര കെട്ടിടങ്ങളുടേത് 99.87% എന്നിങ്ങനെയും, കുടിശ്ശിക വസ്തുനികുതി പാർപ്പിട കെട്ടിടങ്ങളുടേത് 80.6%, പാർപ്പിടേതര കെട്ടിടങ്ങളുടേത് 50.29% എന്നിങ്ങനെയും പിരിച്ചെടുക്കാനായിട്ടുണ്ട്.
സർക്കാർ സർക്കുലറിൽ നിഷ്കർഷിച്ചിട്ടുള്ള സമയപരിധി പാലിച്ചുകൊണ്ടും, എല്ലാ നികുതി പിരിവിന്റെയും നികുതിയേതര വരവിന്റേയും അവലോകനം ഗ്രാമസഭകളിൽ നടത്തിക്കൊണ്ടും പ്രവർത്തനം മെച്ചപ്പെടുത്തേണ്ടതുണ്ട്.

**വസ്തുനികുതി പരിഷ്കരണം**

സ.ഉ(കൈ) നം.77/2023/LSGD തീയതി. 22.03.2023 നമ്പർ പ്രകാരം കേരളത്തിലെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും 01.04.2023 പ്രാബല്യത്തിൽ വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവായിട്ടുണ്ട്. തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 02.05.2023 തീയതിയിലെ LSGD/PD/20073/2023-REV2 നമ്പർ കത്ത് പ്രകാരം വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും സ്വീകരിക്കേണ്ട നടപടിക്രമങ്ങളും ആയതിനുള്ള സമയപരിധിയും നിശ്ചയിച്ച് നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ തൃപ്രങ്ങോട് ഗ്രാമപഞ്ചായത്ത് വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**1.** നിലവിലുള്ള കെട്ടിടങ്ങളുടെ നികുതി അടുത്ത അഞ്ചു വർഷങ്ങളിലേക്ക് ഓരോ വർഷവും നിലവിലുള്ള നിരക്കിന്റെ 5% വീതം 01.04.2023 പ്രാബല്യത്തിൽ വർദ്ധനവ് വരുത്തിയിട്ടുണ്ട്.

**2.** സ.ഉ (അച്ചടി) നം. 25/2023/എൽ.എസ്.ജി.ഡി, തിയ്യതി 05.04.2023 ഉത്തരവിന്റെ അടിസ്ഥാനത്തിൽ കെട്ടിടങ്ങൾക്ക് അവയുടെ ഉപയോഗ ക്രമത്തിന്റെ അടിസ്ഥാനത്തിൽ ഈടാക്കേണ്ട അടിസ്ഥാന വസ്തു നികുതി നിരക്കുകൾ, ഗ്രാമ പഞ്ചായത്ത് പ്രദേശത്തെ വിവിധ മേഖലകളാക്കി തിരിക്കൽ, റോഡുകളുടെ തരം തിരിവ് എന്നിവ 02.05.2023ലെ ഗ്രാമ പഞ്ചായത്ത് ഭരണ സമിതി യോഗത്തിലെ 2(1) നമ്പർ തീരുമാനം പ്രകാരം താത്ക്കാലികമായി അംഗീകരിക്കുകയും, 10.05.2023 തീയ്യതിയിലെ S3/4832/2023 നമ്പർ വിജ്ഞാപനമായി പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. കരട് നിരക്കുകകൾ ഒരു ദിനപത്രത്തിൽ പരസ്യം ചെയ്ത് നിശ്ചിത കാലയളവിനുള്ളിൽ ആക്ഷേപങ്ങളോ നിർദ്ദേശങ്ങളോ ലഭിക്കാതിരുന്നതിനാൽ ഇവ 17.06.2023ലെ ഗ്രാമ പഞ്ചായത്ത് ഭരണ സമിതി യോഗത്തിലെ 1(1) നമ്പർ തീരുമാനം പ്രകാരം അന്തിമമായി അംഗീകരിക്കുകയും, 20.06.2023 തീയ്യതിയിലെ S3/4832/2023 നമ്പർ വിജ്ഞാപനമായി പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. പരമ്പരാഗത വ്യവസായ യൂണിറ്റുകൾ, 100 ച.മീ മുതൽ 500 ച.മീ വരെ വിസ്തീർണ്ണമുള്ള വാണിജ്യകെട്ടിടങ്ങൾ എന്നിവയ്ക്ക് കരട് വസ്തുനികുതി നിരക്കുകൾ നിശ്ചയിച്ചപ്പോൾ വന്ന അപാകത പരിഹരിച്ചാണ് അന്തിമ നിരക്കുകൾ നിശ്ചയിച്ചിട്ടുള്ളത്. അന്തിമമായി നിശ്ചയിച്ച നിരക്കുകൾ രണ്ട് ദിനപത്രങ്ങളിൽ പരസ്യപ്പെടുത്തുകയും, സഞ്ചയ സോഫ്റ്റ്‌വെയറിൽ രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. റോഡുകളുടെ തരം നിർണ്ണയിച്ചത് വാർഡു തല റോഡ്മാപ്പിൽ രേഖപ്പെടുത്തിയിട്ടില്ല.

**3.** പുതുക്കിയ വസ്തുനികുതി നിരക്ക്, മേഖലകൾ പുതുക്കി നിശ്ചയിക്കൽ, വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള തരം തിരിവ് എന്നിവയുടെ അന്തിമ വിജ്ഞാപനം 30.06.2023 ന് മുമ്പായി പുറപ്പെടുവിക്കേണ്ടതായിരുന്നുവെങ്കിലും ഈ സമയക്രമം പാലിച്ചിട്ടില്ല. പുതുക്കിയ നിരക്കുകൾ സഞ്ചയ സോഫ്റ്റ്‌വെയറിൽ രേഖപ്പെടുത്തുന്നതിനുള്ള സാങ്കേതിക സൗകര്യം ലഭ്യമാകാൻ വൈകിയതിനാൽ അതുവരെ, 01.04.2023ന് ശേഷം പണി പൂർത്തീകരിച്ച കെട്ടിടങ്ങൾക്ക് പഴയ നിരക്കിൽ തന്നെ വസ്തുനികുതി നിർണ്ണയിക്കുകയും, നികുതി നിർണ്ണയം പുതിയ നികുതി പരിഷ്കരണത്തിന് വിധേയമാണെന്ന് ഡിമാന്റ് നോട്ടീസിൽ രേഖപ്പെടുത്തുകയുമാണ് ചെയ്തിരുന്നത്. നിലവിൽ, സഞ്ചയ സോഫ്റ്റ്‌വെയറിൽ പുതുക്കിയ നിരക്കുകകൾ രേഖപ്പെടുത്തുകയും, പുതുതായി നിർമ്മാണം പൂർത്തിയാക്കുന്ന കെട്ടിടങ്ങൾക്ക് പുതുക്കിയ നിരക്കിൽ വസ്തുനികുതി നിർണ്ണയം നടത്തുകയും ചെയ്യുന്നുണ്ട്.

**4.** വസ്തു നികുതി നിർണ്ണയിക്കപ്പെട്ട ശേഷം കെട്ടിടത്തിന്റെ തറ വിസ്തീർണ്ണത്തിലോ ഉപയോഗത്തിലോ വരുത്തുന്ന മാറ്റം

ഗ്രാമപഞ്ചായത്തിനെ യഥാസമയം രേഖാമൂലം അറിയിക്കാത്ത കെട്ടിട ഉടമകൾക്ക് ഈ വിവരം ഫോറം 9B ഉപയോഗിച്ച് ഓൺലൈനായോ നേരിട്ടോ അറിയിക്കുന്നതിനായി 2023 മെയ് 15 വരെ സമയം നൽകിയിരുന്നു. ഗ്രാമപഞ്ചായത്തിൽ ഇപ്രകാരം ലഭിച്ച 621 അപേക്ഷകളിൽ നടപടികൾ ആരംഭിച്ചിട്ടില്ല. കെട്ടിട ഉടമ വിവരം അറിയിച്ചാലും ഇല്ലെങ്കിലും കെട്ടിടങ്ങളുടെ ശരിയായ വിവരം ഫീൽഡ് പരിശോധന നടത്തി 30.06.2023 ന് മുമ്പായി നികുതി പുനർനിർണ്ണയം പൂർത്തീകരിക്കേണ്ടതായിരുന്നു. മേൽ സർക്കാർ ഉത്തരവ് പ്രകാരം, വിവര ശേഖരണത്തിനും ഡാറ്റാ എൻട്രിക്കുമായി ഡിപ്ലോമ (സിവിൽ എഞ്ചിനീയറിംഗ്), ഐ.ടി.ഐ ഡ്രാഫ്റ്റ്സ്മാൻ സിവിൽ, ഐ.ടി.ഐ സർവ്വേയർ എന്നിവയിൽ കുറയാത്ത യോഗ്യതയുള്ളവരെ നിയമിക്കാനായി അപേക്ഷ ക്ഷണിച്ച് അഭിമുഖം നടത്തിയെങ്കിലും മതിയായ എണ്ണം ആളുകളെ ലഭിച്ചിട്ടില്ല. കൂടുതൽ പേരെ നിയമിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

**വസ്തുനികുതി സംബന്ധിച്ച മറ്റു പരാമർശങ്ങൾ**

പെർമിറ്റ് എടുക്കാതെ കെട്ടിടനിർമ്മാണം പൂർത്തീകരിച്ചതിന് ശേഷം നിർമ്മാണം ക്രമവൽക്കരിച്ച് കിട്ടുന്നതിനായി ലഭിച്ച അപേക്ഷകളിൽ, ക്രമവൽക്കരിക്കാൻ കഴിയാത്ത കെട്ടിടങ്ങളെ അനധികൃതനിർമ്മാണമായി കണക്കാക്കി 3 മടങ്ങ് വസ്തുനികുതി ചുമത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നില്ല. ഇത് സംബന്ധിച്ച പരാമർശം ഈ റിപ്പോർട്ടിലെ ഖണ്ഡിക 1-13 ആയി നൽകിയിട്ടുണ്ട്.

**സേവന ഉപനികുതി**

2011ലെ കേരള പഞ്ചായത്ത് രാജ് വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും ചട്ടങ്ങളിലെ ചട്ടം 26, 27 എന്നിവയനുസരിച്ച്, ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 207(1) പ്രകാരം സേവന ഉപനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ ഏതൊരു കെട്ടിടത്തിന്റേയും ഉടമസ്ഥനിൽ നിന്നും, പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപ പ്രദേശത്തോ ശുചിത്വ പരിപാലനം, ജലവിതരണം, തെരുവു വിളക്കുകളും ഡ്രൈനേജും തുടങ്ങിയ സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ താഴെപറയുന്ന പ്രകാരം ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതാണ്.

| സേവനം | ചുമത്താവുന്ന കുറഞ്ഞ സേവന ഉപനികുതി |
|---|---|
| ശുചിത്വ പരിപാലനം | വസ്തു നികുതിയുടെ 4% ൽ കുറയാത്ത തുക |
| ജല വിതരണം | വസ്തു നികുതിയുടെ 3% ൽ കുറയാത്ത തുക |
| തെരുവു വിളക്കുകൾ | വസ്തു നികുതിയുടെ 2% ൽ കുറയാത്ത തുക |
| ഡ്രൈനേജ് | വസ്തു നികുതിയുടെ 1% ൽ കുറയാത്ത തുക |

തൃപ്രങ്ങോട് ഗ്രാമപഞ്ചായത്ത് പരിധിയിൽ സേവന ഉപനികുതി ഏർപ്പെടുത്തിയിട്ടില്ല, തനത് വരുമാനം മെച്ചപ്പെടുത്തുന്നതിന് സേവന ഉപനികുതിയുടെ സാധ്യതകൾ പരിഗണിക്കാവുന്നതാണ്.

**തൊഴിൽ നികുതി**

ഗ്രാമപഞ്ചായത്തിലെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററും അനുബന്ധ രേഖകളും പരിശോധിച്ചതിൽ നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന് കാര്യക്ഷമമായ കൂടുതൽ നടപടികൾ ആവശ്യമാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

**1.** 1996ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം ഏതെങ്കിലും കമ്പനിയോ വ്യക്തിയോ ഒരു അർദ്ധവർഷത്തേക്ക് തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥരാണെങ്കിൽ അങ്ങിനെയുള്ള കമ്പനിയോട്/വ്യക്തിയോട് ഒരു റിട്ടേൺ സമർപ്പിക്കാൻ ആവശ്യപ്പെടാവുന്നതും ചട്ടം 18 പ്രകാരം സെക്രട്ടറി നികുതിദായകരുടെ ബിൽ/ഡിമാന്റ് നോട്ടീസ് തയ്യാറാക്കി തൊഴിലുടമക്ക് അയക്കേണ്ടതുമാണ്. ഗ്രാമപഞ്ചായത്തിൽ ഇപ്രകാരം ഡിമാന്റ് നോട്ടീസ് വിതരണം നടത്തുന്നുണ്ടെങ്കിലും ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള സ്ഥാപനങ്ങൾ, ജീവനക്കാർ, പ്രിസംപ്റ്റീവ് ടാക്സ് ഒടുക്കാൻ ബാദ്ധ്യസ്ഥരായവർ, സ്വകാര്യ സ്കൂളുകൾ/കോളേജുകൾ തുടങ്ങി തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റാബേസ് ഗ്രാമപഞ്ചായത്തിൽ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ഗ്രാമപഞ്ചായത്തിൽ തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥരായ എല്ലാവരിൽ നിന്നും നികുതി ഈടാക്കുന്നുണ്ടോയെന്ന് പരിശോധിച്ച് ഉറപ്പുവരുത്താൻ സാധിച്ചിട്ടില്ല.

**2.** സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22.01.2019 ലെ നമ്പർ (സി എസ്) എ9-764/2019 സർക്കുലർ, ജി.ഒ (പി) 143/2008 /തസ്വഭവ, തീയതി. 27.05.2008 സർക്കാർ ഉത്തരവ് എന്നിവ പ്രകാരം റേഷൻ കടകളിൽ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി, ലൈസൻസ് ഫീസ് എന്നിവ ഗ്രാമപഞ്ചായത്ത് ഈടാക്കുന്നില്ല.

**3.** 1996ലെ കേരളാ പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 13 പ്രകാരം ഏതെങ്കിലും കെട്ടിടത്തിന്റെയോ ഭൂമിയുടെയോ ഉടമസ്ഥനോടും അല്ലെങ്കിൽ കൈവശക്കാരനോടും മുറികൾ കൈവശം വച്ചിരിക്കുന്ന എല്ലാവരുടെയും പേര് അടങ്ങിയിട്ടുള്ളതും, അങ്ങിനെയുള്ള ഏതൊരാളുടെയും തൊഴിലിനെയോ, കലയെയോ, ഉദ്യോഗത്തെയോ സംബന്ധിച്ചും അയാൾ വാടക കൊടുക്കുന്നുണ്ടെങ്കിൽ അതിനെ സംബന്ധിച്ചും അങ്ങനെ കൈവശം വച്ച കാലത്തെ സംബന്ധിച്ചും

വിവരിച്ചുകൊണ്ടുള്ളതുമായ രേഖാമൂലമുള്ള ഒരു ലിസ്റ്റ് നിർദ്ദിഷ്ട സമയത്തിനുള്ളിൽ സമർപ്പിക്കാനാവശ്യപ്പെടാവുന്നതാണ്. എന്നാൽ ഇപ്രകാരമുള്ള നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിക്കുന്നില്ല.

**മറ്റു നിരീക്ഷണങ്ങൾ**

**1.** 1996ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാര സ്ഥാപനങ്ങൾക്കും സംരഭ പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം പുതുതായി ലൈസൻസ് എടുക്കുന്നതിനായി ഗ്രാമപഞ്ചായത്തിൽ അപേക്ഷ സമർപ്പിച്ചതും, വിവിധ കാരണങ്ങളാൽ ലൈസൻസ് നൽകാത്തതുമായ സ്ഥാപനങ്ങളെ കേന്ദ്രീകരിച്ച് ഭൗതിക പരിശോധന നടത്തി ലൈസൻസ് എടുപ്പിച്ച് ഈയിനത്തിൽ വരുമാനം സ്വരൂപിക്കാൻ നടപടികൾ കാര്യക്ഷമമാക്കേണ്ടതാണ്. ഇത് സംബന്ധിച്ച പരാമർശം ഈ റിപ്പോർട്ടിലെ ഖണ്ഡിക 1-15 ആയി നൽകിയിട്ടുണ്ട്.

**2.** 1997ലെ കേരള പഞ്ചായത്ത് രാജ് (സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപങ്ങളുടെയും രജിസ്ട്രേഷൻ) ചട്ടങ്ങൾ പ്രകാരമുള്ള രജിസ്ട്രേഷൻ ഇല്ലാതെ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെക്കൊണ്ട് രജിസ്ട്രേഷൻ എടുപ്പിച്ച് ഈയിനത്തിൽ വരുമാനം കണ്ടെത്താൻ നടപടികൾ കാര്യക്ഷമമാക്കേണ്ടതാണ്. ഇത് സംബന്ധിച്ച പരാമർശം ഈ റിപ്പോർട്ടിലെ ഖണ്ഡിക 1-16 ആയി നൽകിയിട്ടുണ്ട്.

## 1-12 നിക്ഷേപ പ്രവൃത്തികളിൽ ക്രമീകരിക്കാൻ അവശേഷിക്കുന്ന മുൻകൂറുകൾ - അവലോകനം.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതി നിർവ്വഹണത്തിന് വേണ്ടി വിവിധ ഏജൻസികളിൽ മുൻകൂറായി തുക ഡിപ്പോസിറ്റ് ചെയ്യുകയാണ് ചെയ്തുവരുന്നത്. സാങ്കേതിക കാരണങ്ങളാൽ പ്രവൃത്തി ഉപേക്ഷിക്കുകയോ, പൂർത്തീകരിക്കാതിരിക്കുകയോ ചെയ്യുമ്പോൾ ഡിപ്പോസിറ്റ് തുക പൂർണമായോ പൂർത്തീകരിച്ച പ്രവൃത്തികളിൽ വിനിയോഗ സാക്ഷ്യപത്രം / മൂല്യ നിർണ്ണയം പ്രകാരമുള്ള തുക കഴിച്ചുള്ള തുകയോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് തിരിച്ച് നൽകുന്നതിൽ ഏജൻസികൾ വീഴ്ച്ച വരുത്തുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ട്.

12, 13 പഞ്ചവത്സരപദ്ധതി കാലയളവിൽ (2012-13 മുതൽ 2021-22 വരെ) പദ്ധതി നിർവ്വഹണത്തിന് വേണ്ടി വിവിധ ഏജൻസികൾക്ക് മുൻകൂർ നൽകിയ തുകകൾ ക്രമീകരിക്കാൻ അവശേഷിക്കുന്നുണ്ടോ എന്ന് പരിശോധനക്ക് വിധേയമാക്കലാണ് ഈ അവലോകനത്തിന്റെ ലക്ഷ്യം. 2012-13 മുതൽ 2021-22 വരെയുള്ള കാലയളവുകളിലെ ഈ വകുപ്പ് പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടുകൾ, പ്ലാൻ മോണിറ്ററിംഗ് സോഫ്റ്റ്‌വെയറിൽ (സുലേഖ) നിന്നുള്ള വിവരങ്ങൾ എന്നിവ അടിസ്ഥാനമാക്കിയാണ് അവലോകനം തയ്യാറാക്കിയിട്ടുള്ളത്.

ചുവടെ ചേർത്തിട്ടുള്ള പ്രവൃത്തിയിൽ മുൻകൂർ ക്രമീകരിക്കാൻ അവശേഷിക്കുന്നതായി പരിശോധനയിൽ ബോധ്യപ്പെട്ടു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| **ക്ര.ന (1)** | **പ്രൊജക്ട് (2)** | **സാമ്പത്തിക വർഷം (3)** | **ഏജൻസി (4)** | **മുൻകൂർ നൽകിയ തുക (₹) (5)** | **ഫണ്ട് ഇനം (6)** | **ചെലവഴിച്ച തുക (₹) (വിനിയോഗ സാക്ഷ്യപത്രം/ മൂല്യ നിർണ്ണയം പ്രകാരം) (7)** | **ചെലവഴിക്കാൻ അവശേഷിക്കുന്ന/ ക്രമീകരിക്കാൻ അവശേഷിക്കുന്ന തുക (₹) (8)** |
|---|---|---|---|---|---|---|---|
| 1 | 43/2022, വൈദ്യുതി പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 2021-22 | KSEB | 1,03,081/- [Ch.No.4588815/02.11.2021-- 57,363/- Ch.No.5895813/20.01.22 - 29,009/- Ch.No.17056/ 05.08.21 - 5,111/- വൗച്ചർ നം. 52101103/ 27.03.22 - 11,598/- ] | തനത് ഫണ്ട് | 0 | 1,03,081 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | | ആകെ | 1,03,081 |

മേൽ പ്രവൃത്തിക്കായി 1,03,081/- രൂപ വിനിയോഗ സാക്ഷ്യപത്രം ലഭിക്കാതെ കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിൽ അവശേഷിക്കുന്നുണ്ട്. വിനിയോഗ വിവരം ലഭ്യമാക്കുന്നതിനായി നൽകിയ 01/22.10.2023-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-13 നിയമാനുസൃതമല്ലാത്ത കെട്ടിട നിർമ്മാണങ്ങളിന്മേൽ തുടർനടപടി സ്വീകരിക്കേണ്ടതാണ്.

പെർമിറ്റ് എടുക്കാതെ നിർമ്മാണം പൂർത്തീകരിച്ചതിന് ശേഷം നിർമ്മാണം ക്രമവൽക്കരിച്ച് കിട്ടുന്നതിനായി 2022-23 വർഷത്തിൽ ലഭിച്ച അപേക്ഷകളിൽ ഏതാനും എണ്ണം ILGMS മുഖേന പരിശോധിച്ചു. താഴെപ്പറയുന്ന അപേക്ഷകൾ പ്രകാരമുള്ള നിർമ്മാണങ്ങളിൽ അപാകതകളും വിവിധ ചട്ടങ്ങളുടെ ലംഘനവും ഉള്ള വിവരം അപേക്ഷകരെ അറിയിച്ചിട്ടുള്ളതാണ്.

| ക്രമ നം | അപേക്ഷയുടെ ഫയൽ നം | ഫയൽ തീയ്യതി | അപേക്ഷക(ൻ) | നിർമ്മാണത്തിന്റെ തരം |
|---|---|---|---|---|
| 1 | 400917/BRRL01/GPO/2022/324 | 22.04.2022 | സുമതി. കെ. | പാർപ്പിടാവശ്യം |
| 2 | 400917/BRRL01/GPO/2022/736 | 19.05.2022 | അബ്ദുൽ ഗഫൂർ | പാർപ്പിടാവശ്യം |
| 3 | 400917/BRRL01/GPO/2022/1800 | 08.07.2022 | രഞ്ജിത് അഴകത്ത് കളത്തിൽ | പാർപ്പിടാവശ്യം |
| 4 | 400917/BRRL01/GPO/2022/2647 | 29.08.2022 | ഫൈസൽ, റഹീന | പാർപ്പിടാവശ്യം |
| 5 | 400917/BRRL01/GPO/2022/3451 | 12.09.2022 | റഷീദ് അഹമ്മദ് | പാർപ്പിടാവശ്യം |
| 6 | 400917/BRRL01/GPO/2022/2903 | 14.09.2022 | മുഹമ്മദ് റാഫി | പാർപ്പിടാവശ്യം |
| 7 | 400917/BRRL01/GPO/2022/1629 | 15.11.2022 | യൂനസ് അലി | പാർപ്പിടാവശ്യം |
| 8 | 400917/BRRL01/GPO/2022/5584 | 29.11.2022 | അബ്ബാസ്, ഷംസിയ ബീഗം | പാർപ്പിടാവശ്യം |
| 9 | 400917/BRRL01/GPO/2022/6439 | 13.12.2022 | ശിഹാബുദ്ധീൻ മുതൽപേർ | പാർപ്പിടാവശ്യം |
| 10 | 400917/BRRL01/GPO/2022/6805 | 20.12.2022 | മുഹമ്മദ് എന്ന ബാവ | പാർപ്പിടാവശ്യം |
| 11 | 400917/BRRL01/GPO/2022/7011 | 24.12.2022 | ഷംലീന | പാർപ്പിടാവശ്യം |
| 12 | 400917/BRRL01/GPO/2023/217 | 07.01.2023 | പുഷ്പരാജൻ | പാർപ്പിടാവശ്യം |
| 13 | 400917/BRRL01/GPO/2023/549 | 16.01.2023 | അയ്യൂബ്, നൂർജഹാൻ | പാർപ്പിടാവശ്യം |
| 14 | 400917/BRMC01/GPO/2022/4788 | 17.11.2022 | ഇബ്രാഹിം. കെ. വി. | വാണിജ്യാവശ്യം |

മേൽപ്പറഞ്ഞ അപേക്ഷകൾ, സമാനമായ മറ്റ് അപേക്ഷകൾ എന്നിവ പ്രകാരം ക്രമവൽക്കരണത്തിനായി ലഭിച്ചിട്ടുള്ളതും, ചട്ടലംഘനങ്ങൾ മൂലം ക്രമവൽക്കരിക്കാനാകാത്തതുമായ കെട്ടിടങ്ങളെ അനധികൃത നിർമ്മാണമായി കണക്കാക്കി തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 19/27.10.2023ന് സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടില്ല. നിയമാനുസൃതമല്ലാത്ത കെട്ടിടങ്ങൾക്ക് 2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 20 പ്രകാരം പ്രത്യേക നമ്പർ നൽകി വസ്തുനികുതി ഈടാക്കുന്നതിന് നടപടി കൈക്കൊള്ളേണ്ടതാണ്.

## 1-14 അപാകതയുള്ള പാർക്കിംഗ് പ്ലാനിന് അംഗീകാരം നൽകി.

തൃപ്രങ്ങോട് ഗ്രാമപഞ്ചായത്ത് വാർഡ് 20ൽ റീസർവ്വേ നം 151/2A-4ൽ പെർമിറ്റ് ഇല്ലാതെ നിർമ്മാണം പൂർത്തീകരിച്ച കെട്ടിട നിർമ്മാണം ക്രമവൽക്കരിച്ചുകിട്ടുന്നതിനായി ശ്രീ. മുഹമ്മദ് റഷീദ് മുതൽ പേർ 18.04.2022 തീയ്യതിയിൽ 400917/BRMC01/GPO/2022/227 നമ്പറായി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. അപേക്ഷയിന്മേൽ സ്ഥലപരിശോധന നടത്തി അസിസ്റ്റന്റ് എഞ്ചിനീയർ സമർപ്പിച്ച റിപ്പോർട്ട് പ്രകാരം അപാകതകൾ 15.10.2022 തീയ്യതിയിലെ 400917/BRMC01 /GPO/2022/227/(2) പ്രകാരം അപാകതകൾ അപേക്ഷനെ അറിയിച്ചു. പുതുക്കിയ പ്ലാനുകൾ സഹിതം അപേക്ഷ 21.03.2023 തീയ്യതിയിൽ വീണ്ടും സമർപ്പിച്ചു. ഈ പ്ലാനുകൾ പ്രകാരം പാർക്കിങ്, കയറ്റിറക്ക് സ്ഥലങ്ങൾ എന്നിവ സംബന്ധിച്ച ചട്ട നിബന്ധനകൾ നിർമ്മിതി പാലിക്കുന്നതായി അസിസ്റ്റന്റ് എഞ്ചിനീയർ 29.04.2023 തീയ്യതിയിൽ നോട്ട് ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. പാർക്കിംഗ് പ്ലാനിൽ താഴെപ്പറയുന്ന അപാകത ഉള്ള വിവരം കണക്കിലെടുത്തിട്ടില്ല.

പുതുക്കിയ പ്ലാൻ പ്രകാരം 501.82 ച. മീ തറവിസ്തീർണ്ണമുള്ള വ്യാപാര/വാണിജ്യ കെട്ടിടത്തിന്റെ

ക്രമവൽക്കരണത്തിനായാണ് അപേക്ഷ സമർപ്പിച്ചിട്ടുള്ളത്. ഇതിന് 2019ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 29, പട്ടിക 10 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം താഴെപ്പറയുന്ന അളവിൽ പാർക്കിംഗ് സൗകര്യം ഏർപ്പെടുത്തേണ്ടതുണ്ട്

ആകെ തറ വിസ്തീർണ്ണം : 501.82 ച.മീ


ഓരോ 90 ച. മീറ്ററിനും അതിന്റെ ഭാഗത്തിനും ഒരെണ്ണം എന്ന നിരക്കിൽ ഏർപ്പെടുത്തേണ്ട കാർ പാർക്കിംഗ് എണ്ണം :

501.82/90 = 5.57 ≈ 6 എണ്ണം (ഒരെണ്ണം ചട്ടം 42(5) പ്രകാരം ഭിന്നശേഷിക്കാർക്കുള്ള സൗകര്യത്തോട് കൂടെ)

ഇരു ചക്ര വാഹനങ്ങളുടെ പാർക്കിംഗ് = കാർ പാർക്കിംഗ് വിസ്തീർണ്ണത്തിന്റെ 25% അധികമായി

= 6*14.85*25% = 22.275 ച.മീ

എന്നാൽ അപേക്ഷയോടൊപ്പം ലഭ്യമാക്കിയ പാർക്കിംഗ് പ്ലാനിൽ 8 കാർ പാർക്കിംഗ്, 36.37 ച.മീ ഇരു ചക്ര വാഹന പാർക്കിംഗ് എന്നാണ് കണക്കാക്കി രേഖപ്പെടുത്തിയിട്ടുള്ളത്. കെട്ടിടത്തിന്റെ മുൻവശത്ത് മാത്രമാണ് റോഡിൽ നിന്നും പ്രവേശന മാർഗ്ഗം ഉള്ളത്. അടയാളപ്പെടുത്തിയ പാർക്കിംഗിൽ പലതിനും റോഡിൽ നിന്നും ചട്ടം 29(4) പ്രകാരമുള്ള 3 മീറ്ററിൽ കുറയാത്ത വീതിയിലുള്ള ഗതാഗത യോഗ്യമായ പാത ലഭ്യമല്ല എന്നതിനാൽ ഈ പാർക്കിംഗ് പ്ലാൻ അംഗീകരിക്കാവുന്നതല്ല.




അപാകത പരിഗണിക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 29/27.10.2023ന് സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടില്ല. സ്ഥലപരിശോധന നടത്തിയപ്പോൾ ചട്ടപ്രകാരമുള്ള പാർക്കിംഗ് സ്ഥലം പ്ലോട്ടിൽ ലഭ്യമാണെന്ന് ബോധ്യപ്പെട്ടതിന്റെയടിസ്ഥാനത്തിലാണ് അംഗീകാരം നൽകിയതെന്ന് അസിസ്റ്റന്റ് എഞ്ചിനീയർ വാക്കാൽ അറിയിച്ചിട്ടുണ്ട്. അപാകത പരിഹരിച്ച പാർക്കിംഗ് പ്ലാൻ സഹിതം വിശദമായ മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-15 ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിക്കേണ്ടതാണ്.

1996ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാര സ്ഥാപനങ്ങൾക്കും സംരംഭ പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം പുതുതായി ലൈസൻസ് എടുക്കുന്നതിനായി 2022-23 വർഷത്തിൽ ലഭിച്ച അപേക്ഷകളിൽ ഏതാനും എണ്ണം ILGMS മുഖേന പരിശോധിച്ചു. താഴെപ്പറയുന്ന അപേക്ഷകളിന്മേൽ വിവിധ കാരണങ്ങളാൽ ലൈസൻസ് നൽകിയിട്ടില്ല. അപാകത/നിർദ്ദേശം അറിയിച്ചുകൊണ്ട് അപേക്ഷകർക്ക് കത്ത് നൽകിയിട്ടുണ്ട്.

| ക്രമ നം | അപേക്ഷയുടെ ഫയൽ നം | ഫയൽ തീയ്യതി | അപേക്ഷക(ൻ) | അപേക്ഷകന് നൽകിയ അറിയിപ്പ് |
|---|---|---|---|---|
| 1 | 400917/RPTL19 /GPO/2022/123 | 11.04.2022 | റമീസ് വി | കെട്ടിട ഉടമയുടെ പേരിൽ വ്യത്യാസം. |
| 2 | 400917/RPTL19 /GPO/2022/304 | 22.04.2022 | ജംഷീന | ലൈസൻസ് ഫീ അടവാക്കാൻ നിർദ്ദേശിച്ചു. |
| 3 | 400917/RPTL19 /GPO/2022/312 | 22.04.2022 | ബാദുഷ വൈ | സഞ്ചയ പ്രകാരം കെട്ടിടത്തിന്റെ തരം പാർപ്പിടാവശ്യം എന്നാണ്. |
| 4 | 400917/RPTL19 /GPO/2022/332 | 23.04.2022 | അപർണ കെ | സ്ഥാപനത്തിന്റെ പേര്/സ്ഥലപ്പേര് കാണിക്കുന്ന ബോർഡ് സ്ഥാപിച്ചിട്ടില്ല. |
| 5 | 400917/RPTL19 /GPO/2022/482 | 30.04.2022 | ഷാഹുൽ ഹമീദ് | ലൈസൻസ് ഫീ അടവാക്കാൻ നിർദ്ദേശിച്ചു. |
| 6 | 400917/RPTL19 | 09.05.2022 | പ്രദീപ് കെ | സ്ഥാപനത്തിന്റെ പേര്/സ്ഥലപ്പേര് കാണിക്കുന്ന |

| | | | | |
|---|---|---|---|---|
| | /GPO/2022/582 | | എം | ബോർഡ് സ്ഥാപിച്ചിട്ടില്ല. |
| 7 | 400917/RPTL19 /GPO/2022/584 | 09.05.2022 | ധന്യ | ലൈസൻസ് ഫീ അടവാക്കാൻ നിർദ്ദേശിച്ചു. |
| 8 | 400917/RPTL19 /GPO/2022/697 | 16.05.2022 | ഷംസുദ്ധീൻ ടി | സാധുവായ വാടക കരാർ ഇല്ല. |
| 9 | 400917/RPTL19 /GPO/2022/712 | 18.05.2022 | റസ്സൽ സി കെ | കെട്ടിട ഉടമയുടെ പേരിൽ വ്യത്യാസം, വാടക കരാറിൽ കെട്ടിട നമ്പർ രേഖപ്പെടുത്തിയില്ല. |
| 10 | 400917/RPTL19 /GPO/2022/718 | 18.05.2022 | സുബൈർ | കെട്ടിട ഉടമയുടെ പേരിൽ വ്യത്യാസം. |

പുതിയ ലൈസൻസ് എടുക്കുന്നതിനായി അപേക്ഷ സമർപ്പിച്ചിട്ടുള്ളതും, വിവിധ കാരണങ്ങളാൽ ലൈസൻസ് നൽകാത്തവയുമായ സ്ഥാപനങ്ങൾ നിലവിൽ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നുണ്ടോ എന്ന വിവരം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 26/27.10.2023ന് സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടില്ല. ചട്ടപ്രകാരമുള്ള ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെക്കൊണ്ട് ലൈസൻസ് എടുപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-16 സ്വകാര്യ ആശുപത്രി/പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ ഉറപ്പുവരുത്തേണ്ടതാണ്.

ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്തിന്റെ അതിർത്തിക്കുള്ളിൽ ഏതൊരു സ്വകാര്യ ആശുപത്രിയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനവും 1997ലെ കേരള പഞ്ചായത്ത് രാജ് (സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപങ്ങളുടെയും രജിസ്ട്രേഷൻ) ചട്ടങ്ങൾ പ്രകാരം മുൻകൂട്ടി രജിസ്റ്റർ ചെയ്യാതെ പ്രവർത്തിക്കാൻ പാടുള്ളതല്ല എന്ന് ചട്ടം 3ൽ നിഷ്കർഷിക്കുന്നുണ്ട്. തൃപ്രങ്ങോട് ഗ്രാമപഞ്ചായത്തിലെ സ്വകാര്യ ആശുപത്രി/പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്റ്റർ പ്രകാരം, 2021-22 വർഷത്തിൽ രജിസ്ട്രേഷനോട് കൂടെ പ്രവർത്തിച്ചിരുന്ന താഴെപ്പറയുന്ന സ്ഥാപനങ്ങൾ 2022-23 വർഷത്തേയ്ക്ക് രജിസ്ട്രേഷൻ പുതുക്കിയിട്ടില്ല.

| ക്രമ നം | 2021-22 വർഷത്തെ രജിസ്ട്രേഷൻ നം. | സ്ഥാപനത്തിന്റെ പേര് |
|---|---|---|
| 1 | A4-2638/21-1 | ബയോസിനോ ഡയഗ്നോസ്റ്റിക് & റിസർച്ച് സെന്റർ, ആലത്തിയൂർ |
| 2 | A4-2171/21-2 | മൈക്രോ മെഡിക്കൽ ലാബ്, ചമ്രവട്ടം |
| 3 | A4-3416/21-3 | ഹെൽത്ത് കെയർ മെഡിക്കൽ ലാബ്, ആനൊഴക്ക് പാലം |
| 4 | A4-2179/21-4 | ഐഡിയൽ മെഡിക്കൽ ലാബ് |
| 5 | A4-2700/21-5 | ക്രെസെന്റ് ലബോറട്ടറി |
| 6 | A4-7845/21-6 | പൾസ് ഡെന്റൽ കെയർ, ആലത്തിയൂർ |

മേൽ സ്ഥാപനങ്ങൾ സംബന്ധിച്ച് അന്വേഷണം നടത്തി, നിലവിൽ പ്രവർത്തിക്കുന്നവയാണെങ്കിൽ രജിസ്ട്രേഷൻ എടുപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ച് വിവരം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 26/27.10.2023ന് സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടില്ല. ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്വകാര്യ ആശുപത്രികളും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളും ചട്ടങ്ങൾ പ്രകാരമുള്ള രജിസ്ട്രേഷൻ എടുക്കുന്നുണ്ടെന്നും ആയത് യഥാസമയം പുതുക്കുന്നുണ്ടെന്നും ഉറപ്പുവരുത്തേണ്ടതാണ്.

## 1-17 മരാമത്ത് പ്രവൃത്തികളിൽ കരാറുകാർക്ക് അധികം അനുവദിച്ച തുകകൾ ഓഡിറ്റ് അന്വേഷത്തിന് മറുപടിയായി തിരിച്ചടവാക്കി - അടവാക്കിയത് 39,655 രൂപ

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ താഴെ പറയുന്ന മരാമത്ത് പ്രവൃത്തികളിൽ കരാറുകാർക്ക് അധികം അനുവദിച്ച തുകകൾ ഓഡിറ്റ് അന്വേഷണം നൽകിയതിന്റെ ഭാഗമായി തിരിച്ചടവാക്കി.

| ക്രമ നം | പ്രവൃത്തി | അപാകത | ഓഡിറ്റ് അന്വേഷണം നമ്പർ | തിരിച്ചടവാക്കിയ തുക (₹) | രസീത് നമ്പർ |
|---|---|---|---|---|---|
| 1 | വേസ്റ്റ് കളക്ഷൻ ബിൻ നിർമ്മാണം ( 59/23) | തെറ്റായ ഷെഡ്യൂൾ നിരക്കിൽ എസ്റ്റിമേറ്റ് | 7 / 25.10.23 | 20,448 | 1230701317/ 27.10.23 |

| | | | | | |
|---|---|---|---|---|---|
| | | തയ്യാറാക്കി | | | |
| 2 | ചക്കുങ്ങപ്പറമ്പിൽ ഹരിജൻ കോളനി റോഡ് ഡ്രെയിൻ, കൾവർട്ട് നിർമ്മാണം ( SO063/23) | കോൺക്രീറ്റ് പ്രവൃത്തിക്ക് അധിക നിരക്ക് നൽകി | 8 / 25.10.23 | 6,490 | 1230701316/ 27.10.23 |
| 3 | MCF കെട്ടിടത്തിന് നെറ്റ് സ്ഥാപിക്കൽ ( SO077/23) | സ്റ്റീൽ വർക്ക് പ്രവൃത്തിക്ക് അധിക നിരക്ക് നൽകി | 9/ 25.10.23 | 6,364 | 1230701318/ 27.10.23 |
| 4 | വടക്കേപ്പാടം അപ്രോച്ച് റോഡ് നിർമ്മാണം ( SO050/23) | കോൺക്രീറ്റ് പ്രവൃത്തിക്ക് അധിക നിരക്ക് നൽകി | 10/ 25.10.23 | 5,430 | 1230701320/ 27.10.23 |
| 5 | RB കനാൽ റഹ്മത്ത് പാലം ഗാർഡ് സ്റ്റോൺ സ്ഥാപിക്കൽ ( SO050/23) | കോൺക്രീറ്റ് പ്രവൃത്തിക്ക് അധിക നിരക്ക് നൽകി | 11/ 25.10.23 | 923 | 1230701319/ 27.10.23 |
| | **ആകെ** | | | **39,655** | |

അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-18 അസി.എഞ്ചിനീയറുടെ ഓഫീസിലെ വാഹന വാടക - ആദായ നികുതി ഈടാക്കിയില്ല.

അസി. എഞ്ചിനീയറുടെ ഓഫീസിലെ ആവശ്യങ്ങൾക്ക് വാഹനം ഓടിയതിന്റെ വാഹന വാടക ഇനത്തിൽ ശ്രീ. അബ്ദുൾ മനാഫ്. കെ. വി, കുന്നത്ത് വളപ്പിൽ (H) എന്നവർക്ക് താഴെ പറയും പ്രകാരം തുക MG (NR) / തനത് ഫണ്ടിൽ നിന്നും അനുവദിച്ച് നൽകിയിട്ടുണ്ട്. ക്വട്ടേഷൻ വിളിച്ച് കിലോമീറ്ററിന് കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്തത് പരിഗണിച്ചാണ് മേൽ വ്യക്തിയുടെ വാഹനം വാടകക്ക് എടുത്തിരിക്കുന്നത്. 18.04.2022 തിയതി വച്ച് മേൽ വ്യക്തിയും അസി.എഞ്ചിനീയറും കരാറിൽ (കരാർ നമ്പർ കരാറിൽ രേഖപ്പെടുത്തിയിട്ടില്ല) ഏർപ്പെട്ടിട്ടുണ്ട്. Income Tax Act 1961, Sec.194C പ്രകാരം, വാഹന വാടക ഇനത്തിൽ അനുവദിക്കുന്ന തുക 30,000/- രൂപക്ക് മുകളിൽ ആണെങ്കിൽ (Single Payment), ഒരു വർഷത്തിൽ ആകെ അനുവദിക്കുന്ന തുക 1,00,000/- രൂപക്ക് മുകളിൽ ആണെങ്കിൽ 194C പ്രകാരമുള്ള നികുതി അടക്കാൻ ടിയാന് (കരാറുകാരൻ) ബാധ്യസ്ഥനാണ് (Transportation Contract). അനുവദിക്കുന്ന തുകയിൽ നിന്നും 1% TDS പിടിക്കേണ്ടതും ആദായ നികുതി വകുപ്പിൽ അടവാക്കേണ്ടതുമായിരുന്നു. ആയത് പാലിച്ചിട്ടില്ല.

| വൗച്ചർ/ബിൽ | അനുവദിച്ച തുക (₹) |
|---|---|
| 22201041/16.3.23 | 35,500 |
| 22201085/25.3.23 | 35,500 |
| 22150552042600188096 /9.6.22 | 20,135 |
| 221505520426000245745 /27.6.22 | 22,945 |
| 221505520426000329345 /19.7.22 | 6,920 |
| 018928/30.8.22 (Cheque) | 14,470 |
| **ആകെ** | **1,35,470** |

വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (17/26.10.23) മേൽ ബില്ലുകളിൽ നിന്നും ആദായ നികുതി ഈടാക്കുവാൻ വിട്ടുപോയതാണെന്നും തുടർ ബില്ലുകളിൽ നിന്നും പിടിച്ച് വരുന്നുണ്ടെന്നും മറുപടി ലഭ്യമാക്കി. അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-19 അസി.എഞ്ചിനീയർ - കാഷ്ബുക്ക് ക്രമപ്രകാരം പരിപാലിക്കുന്നില്ല- 2022-23 സാമ്പത്തിക വർഷത്തിൽ ബാങ്കിലെ നീക്കിയിരിപ്പ് (31.03.23ന് ) 1,16,716.08 രൂപ

അസി. എഞ്ചിനീയറുടെ പേരിൽ താഴെപാലം SBI ശാഖയിൽ ഉള്ള 40581302477 നമ്പർ ബാങ്ക് അക്കൗണ്ടിൽ 31.03.23 ന് 1,16,716.08 രൂപ ചെലവഴിക്കാതെ അവശേഷിക്കുന്നതായി വ്യക്തമായി. പ്രവൃത്തി ബില്ല് തയ്യാറാക്കി അസിസ്റ്റന്റ്

എഞ്ചിനിയർ റിക്വിസിഷൻ മുഖേന ആവശ്യപ്പെടുന്ന തുക മാത്രമാണ് മരാമത്ത് പ്രവൃത്തികൾക്ക് അനുവദിക്കുന്നത് എന്നതിനാൽ ഈ ഇനത്തിൽ അനുവദിക്കുന്ന തുക വർഷാവസാനത്തിൽ ചെലവഴിക്കാതെ അവശേഷിക്കാൻ പാടില്ല.

പ്രവൃത്തി ബില്ല് തയ്യാറാക്കി അസി. എഞ്ചിനിയർ റിക്വിസിഷൻ മുഖേന ആവശ്യപ്പെടുന്ന തുക, മരാമത്ത് പ്രവൃത്തികൾക്കല്ലാതെ എഞ്ചിനിയറിംഗ് വിഭാഗത്തിന്റെ ഓഫീസ് പ്രവർത്തനത്തിന് അനുവദിക്കുന്ന തുക, ടെണ്ടറിന്റെ ഭാഗമായി ടെണ്ടർ ഫീ, EMD എന്നിങ്ങനെ വിവിധ ഇനങ്ങളിലായി അക്കൗണ്ടുകളിൽ പണം വരാൻ സാധ്യതയുണ്ട്. അസിസ്റ്റന്റ് എഞ്ചിനിയറുടെ പേരിലുള്ള എല്ലാ അക്കൗണ്ടുകളിലെയും വരവ് ചെലവുകൾ കാഷ്ബുക്കിൽ രേഖപ്പെടുത്തേണ്ടതായിരുന്നു എങ്കിലും അസിസ്റ്റന്റ് എഞ്ചിനിയറുടെ ഓഫീസിൽ ഇത്തരത്തിൽ കാഷ്ബുക്ക് എഴുതി സൂക്ഷിച്ചിട്ടില്ല. കാഷ്ബുക്ക് കൃത്യമായി എഴുതി സൂക്ഷിക്കാത്തതിനാൽ ചെലവഴിക്കാതെ അവശേഷിക്കുന്ന തുക ഏത് ഇനത്തിലുള്ളതാണ് എന്ന് ഓഡിറ്റിന് കണ്ടെത്താൻ സാധിച്ചിട്ടില്ല

ബാങ്ക് അക്കൗണ്ടിൽ ചെലവഴിക്കാതെ പണം അവശേഷിക്കുന്നുണ്ട് എന്നതിൽ നിന്നും തദ്ദേശ സ്വയംഭരണ സ്ഥാപനം അനുവദിച്ച തുക/ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് വേണ്ടി ലഭിച്ച തുക അർഹരായ ആളുകൾക്ക് / വകുപ്പുകൾക്ക് നൽകുന്നതിൽ വീഴ്ച വന്നതായി കാണുന്നു.

ചെലവഴിക്കാൻ അവശേഷിക്കുന്ന തുക ഏതെല്ലാം ഇനത്തിൽ വരവ് വന്നതാണെന്ന് അറിയിക്കേണ്ടതാണ് എന്നറിയിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (16/26.10.23) ചെലവഴിക്കാൻ അവശേഷിക്കുന്ന തുക ടെണ്ടർ ഫീ ഇനത്തിലുള്ള തുകയായിരുന്നെന്നും ടി തുക സെക്രട്ടറിയുടെ അക്കൗണ്ടിലേക്ക് മാറ്റി അക്കൗണ്ട് ബാലൻസ് പൂജ്യം ആക്കിമാറ്റിയിട്ടുണ്ടെന്നും കാഷ്ബുക്കിലെ അപാകത പരിഹരിച്ച് ക്രമപ്രകാരം പരിപാലിക്കുന്നതാണെന്നും അറിയിച്ചു. അക്കൗണ്ടിലെ തുക തനത് ഫണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്ത് സീറോ ബാലൻസ് ആക്കിയത് പരിശോധിച്ച് ബോധ്യപ്പെട്ടു. എന്നാൽ ആയത് ഏത് ഇനങ്ങളിലുള്ള തുകകളാണ് എന്ന് പരിശോധിക്കാനായിട്ടില്ല. അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-20 എസ്.എസ്.കെ വിഹിതം അടവാക്കൽ - രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്

പ്രൊജക്ട് : എസ്.എസ്.എ വിഹിതം നൽകൽ
നം : S0104/2023
അടങ്കൽ : ₹11,10,966/-
[₹10,00,000/- (വികസന ഫണ്ട് ) ; ₹1,10,966/- (ഫിനാൻസ് കമ്മീഷൻ അവാർഡ്)]
ബിൽ നം. 10/04.10.2022 : ₹1,10,966/-
ബിൽ നം. 11/04.10.2022 : ₹10,00,000/-

സെക്രട്ടറി നിർവ്വഹണം നടത്തിയ മേൽ പദ്ധതി പ്രകാരം 11,10,966/- രൂപ സ്റ്റേറ്റ് പ്രൊജക്ട് ഓഫീസർ, എസ്.എസ്.കെ ക്ക് നൽകിയിട്ടുണ്ട്. ജി.ഒ (എം.എസ്) 84/2022 തി. 19.04.2022, ഖണ്ഡിക8-6 (3),(4),(5) പ്രകാരം എസ്.എസ്.കെ പ്രൊജക്ടുകൾ തയ്യാറാക്കുന്നതിൽ തദ്ദേശ സ്വയംഭരണ സ്ഥാപനം മുഖ്യപങ്ക് വഹിക്കേണ്ടതാണ്. ഇപ്രകാരം പ്രൊജക്ടുകൾ നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചതിന്റെ വിവരം പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. 11,10,966/- രൂപ കൈപ്പറ്റിയതിന്റെ രശീതി, ഗ്രാമപഞ്ചായത്ത് പരിധിയിൽപ്പെട്ട സ്കൂളുകളിൽ പ്രസ്തുത തുക ചെലവഴിച്ചതിന്റെ വിശദ വിവരങ്ങൾ ഉൾക്കൊള്ളുന്ന വിനിയോഗ സാക്ഷ്യപത്രം എന്നിവയും പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. 20/27.10.2023 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവ് തുക 11,10,966/- രൂപ തടസ്സം ചെയ്യുന്നു.

## 1-21 തെരുവ് വിളക്ക് റിപ്പയർ - അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്

**1.** പ്രൊജക്ട് : തെരുവ് വിളക്ക് റിപ്പയർ
നം : S0031/2023
അടങ്കൽ : ₹4,90,000/- (ധനകാര്യ കമ്മീഷൻ അവാർഡ്)
വൗച്ചർ നം. 22200321/12.07.2022 : ₹2,35,029/- + (IT: ₹4,897, KCWWF : ₹4,897, GST : ₹9,794)
വൗച്ചർ നം. 22200451/02.09.2022 : ₹1,64,520/-
വൗച്ചർ നം. 22200837/20.01.2023 : ₹70,509/-

**2.** പ്രൊജക്ട് : തെരുവ് വിളക്ക് റിപ്പയർ 2022-23
നം : S0135/2023
അടങ്കൽ : 4,90,000 (തനത് ഫണ്ട്)
വൗച്ചർ നം. 22200958/27.02.2023 : ₹4,77,480 + (IT : ₹4,152, GST : ₹8,304)

സെക്രട്ടറി നിർവ്വഹണം നടത്തിയ മേൽ പദ്ധതികളുടെ ഫയൽ പരിശോധനയിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു -

1. പദ്ധതികൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടില്ല. പദ്ധതി നിർവ്വഹണം നടത്തുന്നതിന് മുൻപ് ഗ്രാമ പഞ്ചായത്തിലെ പ്രവർത്തിക്കുന്ന, പ്രവർത്തന രഹിതമായ തെരുവു വിളക്കുകൾ സംബന്ധിച്ച് വ്യക്തമായ വിവര ശേഖരണം നടത്തിയിട്ടില്ല. ഗ്രാമ പഞ്ചായത്തിലെ മുഴുവൻ തെരുവ് വിളക്കുകളുടേയും എണ്ണം, ഇനം, സ്ഥാനം എന്നിവ വിശദമാക്കുന്ന രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

2. രണ്ട് പ്രവൃത്തികളുടേയും കരാറുകാരനായ ശ്രീ. ഹുസൈൻ. എൻ. വി. ലൈസൻസുള്ള ഇലക്ട്രിക്കൽ കോൺട്രാക്ടറാണെന്നതിന്റെ രേഖകൾ ഫയലിലില്ല.

3. സ്ഥാപിക്കുന്ന വിളക്കുകളുടെ സാമ്പിൾ ഹാജരാക്കിയതിന്റെയോ, ആയതിന്റെ വിദഗ്ദ പരിശോധനയുടെ ടെസ്റ്റ് റിപ്പോർട്ട് ലഭ്യമാക്കിയതിന്റെയോ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

4. കരാറുകാരൻ ക്രമ നം.1 ലെ ടെണ്ടറിൽ 24W LED സ്ട്രീറ്റ് ലൈറ്റിന് 1,100 രൂപ , 25W LED ബൾബിന് 750 രൂപ എന്നിങ്ങനെയും, ക്രമ നം.2 ലെ ടെണ്ടറിൽ 23W LED ലൈറ്റിന് 708 രൂപ എന്നിങ്ങനെയുമാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

ക്രമ നം. 1 പ്രൊജക്ട് പ്രകാരം 750 രൂപ വിലയുള്ള 25W LED വിളക്കുകൾ 653 എണ്ണം റിപ്പയർ ചെയ്തതായി ഇൻവോയ്സ് നം. 0001/08.02.2022 : 4,89,646 ഉം,

ക്രമ നം. 2 പ്രൊജക്ട് പ്രകാരം 708 രൂപ വിലയുള്ള 23W LED വിളക്കുകൾ 692 എണ്ണം റിപ്പയർ ചെയ്തതായി ഇൻവോയ്സ് നം. 0002/02.02.2023 : 4,89,936 ഉം ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ പ്രസ്തുത റിപ്പയറുകൾക്കാവശ്യമായ ഉപകരണങ്ങൾ വാങ്ങിയതിന്റെ ടാക്സ് ബില്ലുകൾ ഹാജരാക്കിയിട്ടില്ല.

വാർഡ് മെമ്പർമാർ ലഭ്യമാക്കിയ സാക്ഷ്യപത്രത്തിൽ എത്ര വാട്ടിന്റെ വിളക്കുകളാണ് സ്ഥാപിച്ചത് എന്ന് രേഖപ്പെടുത്തിയിട്ടുമില്ല.

5. KSEB ജീവനക്കാരുടെ മേൽനോട്ടത്തിൽ തെരുവുവിളക്കുകളുടെ പരിപാലനപ്രവൃത്തികൾ നടത്തണമെന്ന 15.09.2011ലെ 3055/ഡിഎ3/2011/ത.സ്വ.ഭ.വ സർക്കുലറിലെ നിർദ്ദേശങ്ങൾ പ്രകാരം KSEBയിൽ നിന്നുള്ള സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

6. കരാറുകാരന് തുകകൾ നൽകുന്നതിന് മുമ്പായി Maintenance Report തയ്യാറാക്കി ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

7. തെരുവ് വിളക്കുകളുമായി ബന്ധപ്പെട്ട് പരാതി രജിസ്റ്റർ സൂക്ഷിക്കുന്നില്ല. രജിസ്റ്റർ തയ്യാറാക്കി പരാതിയുടെ സമയം, തിയ്യതി, പരാതിക്കാരന്റെ പേര്, പരാതിയുടെ വിവരണം (പോസ്റ്റ് നമ്പർ ഉൾപ്പെടെ), പരാതി പരിഹരിച്ചതിന്റെ വിവരം എന്നിവ അതിൽ രേഖപ്പെടുത്തേണ്ടതായിരുന്നു. ലഭ്യമാക്കിയ രേഖകൾ പ്രകാരം ഒരൊറ്റ തവണയാണ് കരാറുകാരൻ റിപ്പയർ പ്രവൃത്തി നിർവ്വഹിച്ചിട്ടുള്ളത്. പ്രസ്തുത റിപ്പയർ പ്രവൃത്തിക്ക് ശേഷം ഒരു വർഷം മുഴുവനും മേൽ വിളക്കുകൾ പ്രവർത്തനക്ഷമമായിരുന്നോ എന്ന വിവരം ലഭ്യമാക്കേണ്ടതാണ്.

8. തെരുവുവിളക്കുകളുടെ പരിപാലനം സംബന്ധിച്ച് പഞ്ചായത്ത് ഡയറക്ടറുടെ 17.08.2015 ലെ ജി2-44274/16 നം. കത്തിൽ പരാമർശിച്ചതിൽ പ്രകാരം, ഉപയോഗശൂന്യമായവ ഗ്രാമപഞ്ചായത്ത് ഓഫീസിൽ തിരിച്ചേൽപ്പിച്ച്, അതാത് ദിവസം തന്നെ രജിസ്റ്റർ ഓഫ് അൺസർവ്വീസബ്ൾ ഐറ്റംസ് എന്ന രജിസ്റ്ററിൽ ചേർത്തതിന്റെ വിവരവും ലഭ്യമാക്കിയിട്ടില്ല.

ഓഡിറ്റ് എൻക്വയറി നം. 24/27.10.2023 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-22 കുടിവെള്ള വിതരണം - അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

| | |
|---|---|
| വൗച്ചർ നം. 22200059/19.05.2022 : | ₹ 2,18,592/- |
| വൗച്ചർ നം. 22200104/ 06.06.2022 : | ₹2,20,467/- |
| വൗച്ചർ നം. 22200172/15.06.2022 : | ₹85,668/- |
| ആകെ | 5,24,727/- |

ജല ക്ഷാമം രൂക്ഷമായ പഞ്ചായത്തിലെ വിവിധ വാർഡുകളിൽ 01.04.2022 മുതൽ 31.05.2023 വരെയുള്ള ദിവസങ്ങളിൽ കുടിവെള്ളം വിതരണം ചെയ്തതിന് ലിറ്ററിന് 46 പൈസ നിരക്കിൽ മേൽ വൗച്ചറുകൾ പ്രകാരം കരാറുകാരനായ ശ്രീ. രാജു പണ്ടാര വളപ്പിൽ എന്ന വ്യക്തിക്ക് തുക നൽകിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന അപാകതകൾ കണ്ടു.

1. ജി.പി.എസ് സംവിധാനം ഉള്ള വാഹനത്തിലാണ് കുടിവെള്ള വിതരണം നടത്തേണ്ടത് എന്ന് 16.03.2022 ലെ സ.ഉ.(സാധാ) 652/2022/ത.സ്വ.ഭ.വ നമ്പർ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ടെങ്കിലും 01.04.2022 മുതൽ 10.05.2022 വരെ അപ്രകാരമുള്ള ട്രിപ്പ് ഷീറ്റ് അല്ല ലഭ്യമാക്കിയിട്ടുള്ളത്. ദുരന്ത നിവാരണ വകുപ്പിന്റെ സർക്കുലർ നം. ഡി.എം.ബി.2/32 /2019/ഡി.എം.ഡി/20.03.2019 ക്രമ നമ്പർ 9 പ്രകാരം ജി.പി.എസ് ട്രിപ്പ് ഷീറ്റ് ഇല്ലാതെ ശുദ്ധജല വിതരണ ബില്ലുകൾ അനുവദിച്ച് നൽകാൻ പാടുള്ളതല്ല. കൂടാതെ ജി.പി.എസ് ട്രിപ്പ് ഷീറ്റുകൾ ഗ്രാമപഞ്ചായത്ത് ഉദ്യോഗസ്ഥർ, വാർഡ് മെമ്പർ, വില്ലേജ് ഓഫീസർ എന്നിവർ കൂടി സാക്ഷ്യപ്പെടുത്തേണ്ടതുണ്ട്. ഇവയൊന്നുമില്ലാതെ കരാറുകാരന് തുക നൽകിയിരിക്കുന്നു.

2. വിതരണത്തിനായി ഉപയോഗിക്കുന്ന ഉപയോഗിക്കുന്ന ജലസ്രോതസ്സുകളിൽ മലിനീകരണം ഇല്ല, ഉപയോഗ യോഗ്യമാണ് എന്ന് KWAയോ, ഭക്ഷ്യസുരക്ഷാ വകുപ്പോ സാക്ഷ്യപ്പെടുത്തേണ്ടതുണ്ട്. എന്നാൽ അപ്രകാരമുള്ള

പരിശോധനകളൊന്നും നടത്തിയതിന്റെ രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. മൈക്രോബയോളജി പരിശോധനാ വിവരമില്ലാത്ത, വെള്ളത്തിന്റെ കെമിക്കൽ അനാലിസിസ് ചെയ്തതിന്റെ ഒരു റിപ്പോർട്ട് മാത്രമാണ് ഫയലിലുള്ളത്

ഓഡിറ്റ് എൻക്വയറി നം. 21/27.10.2023ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് മറുപടി ലഭ്യമാക്കുന്നത് വരെ ചെലവ് തുക 5,24,727/- രൂപ തടസ്സം ചെയ്യുന്നു.

## 1-23 പരിധിയിൽ കവിഞ്ഞ് നൽകിയ യാത്രാബത്ത തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്

വൗച്ചർ നം. 22200619/16.11.2022 : ₹26,580/-

ജി.ഒ.(പി)നം.137/2016/ധന/09.09.2016 പ്രകാരം ഔദ്യോഗിക വാഹനം ഉപയോഗിക്കുന്ന ഓഫീസർക്ക്, വാഹനം ഇല്ലാതെ യാത്ര ചെയ്യുന്ന ഓഫീസറുടെ പ്രതിമാസ (2,260)/ത്രൈമാസ (6,780) T.A. സീലിംഗിന്റെ 50% (1,130/3,390) ആണ് പരിധി. ഒരു മാസത്തിൽ, പരിധിയുടെ 20% വരെ നൽകാമെങ്കിലും ആയത് അതേ ത്രൈമാസത്തിൽ ക്രമീകരിക്കേണ്ടതാണ്. ഔദ്യോഗിക വാഹനത്തിൽ അധികാര പരിധിയിൽ യാത്ര ചെയ്ത ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി ശാലിനി. വി-ക്ക് മേൽ പരിധിയിൽ കവിഞ്ഞ് യാത്രാബത്ത തനത് ഫണ്ടിൽ നിന്നും നൽകിയിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്ര.നം. | മാസം | തുക (₹) | ത്രൈമാസത്തിൽ നൽകിയ തുക (₹) | 3,390 രൂപയിൽ കൂടുതലായി നൽകിയ തുക (₹) |
|---|---|---|---|---|
| 1 | 07/2021 | 600 | 4,200 | 810 |
| 2 | 08/2021 | 1,800 | | |
| 3 | 09/2021 | 1,800 | | |
| 4 | 10/2021 | 1,800 | 6,000 | 2,610 |
| 5 | 11/2021 | 1,800 | | |
| 6 | 12/2021 | 2,400 | | |
| 7 | 01/2022 | 2,100 | 6,600 | 3,210 |
| 8 | 02/2022 | 1,800 | | |
| 9 | 03/2022 | 2,700 | | |
| 10 | 04/2022 | 2,100 | 6,600 | 3,210 |
| 11 | 05/2022 | 2,100 | | |
| 12 | 06/2022 | 2,400 | | |
| | | **ആകെ** | | **9,840** |

ഓഡിറ്റ് എൻക്വയറി നം. 25/27.10.2023ന് മറുപടി ലഭ്യമാക്കിയിട്ടില്ല. പരിധിയിൽ കവിഞ്ഞ് നൽകിയ യാത്രാബത്ത 9,840/- രൂപ തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-24 മെഡിക്കൽ ഓഫീസർ FHC നിർവ്വഹണം നടത്തിയ പദ്ധതികൾ - വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

**1.** പ്രൊജക്ട് : ഫാർമസിയിൽ എ.സി. സ്ഥാപിക്കൽ
നം. S0218/2023
അടങ്കൽ : ₹1,50,000 (വികസന ഫണ്ട് : ₹50,000, തനത് ഫണ്ട് : ₹1,00,000)
ബിൽ നം. 41/29.03.2023 : ₹50,000/-
ടാക്സ് ഇൻവോയ്സ് നം. PNI-4426/28.03.2023 : ₹87,800/-

**2.** പ്രൊജക്ട് : തൃപ്രങ്ങോട് ഗ്രാമപഞ്ചായത്ത് 2021-22 ഹെൽത്ത് ഗ്രാന്റ് രോഗ നിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ
നം. S0272/2023
അടങ്കൽ : ₹2,93,019 (ഹെൽത്ത് ഗ്രാന്റ്)
വൗച്ചർ നം. 22201145/31.03.2023 : ₹1,18,800/-
ടാക്സ് ഇൻവോയ്സ് നം. PNI-4424/28.03.2023 : ₹69,900/-
ടാക്സ് ഇൻവോയ്സ് നം. PNI-4425/28.03.2023 : ₹48,900/-

മെഡിക്കൽ ഓഫീസർ FHC നിർവ്വഹണം നടത്തിയ മേൽ പദ്ധതികൾ പ്രകാരം 3 എ.സി.കൾ (2 എണ്ണം IFB എന്ന കമ്പനിയുടേതും, 1 Bluestar എന്ന കമ്പനിയുടേതും), 1 ഫ്രിഡ്ജ് (Bluestar കമ്പനിയുടെ Supercooler ) എന്നിവയുടെ വിലയായി 1,68,800/- രൂപ കണ്ണങ്കണ്ടി ഫ്രിഡ്ജ് സെന്റർ, പൊന്നാനി എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്.

ജി.ഒ(പി)നം.7/19/എസ്.പി.ഡി തിയതി 26.04.2019 പ്രകാരം 25,000/- രൂപയ്ക്ക് മുകളിലുള്ള സാധനങ്ങളും സേവനങ്ങളും നിർബന്ധമായും GeM മുഖേന സമാഹരിക്കേണ്ടതാണ്. എതെങ്കിലും പ്രത്യേക ഇനം GeM ൽ ലഭ്യമല്ലാത്തതിനാലോ ആയത് GeM മുഖേന വാങ്ങുന്നത് ഉചിതമല്ലെന്ന് വകുപ്പ് മേധാവിക്ക് ബോദ്ധ്യപ്പെട്ടാലോ സ്പെസിഫിക്കേഷനോ ആവശ്യകതയോ വളരെ പ്രത്യേകതയുള്ളതാണെങ്കിലോ കാരണം രേഖപ്പെടുത്തിയതിനു ശേഷം സ്റ്റോർസ് പർച്ചേസ് മാന്വലിൽ സൂചിപ്പിച്ചിട്ടുള്ള മറ്റു മാർഗ്ഗങ്ങളിലൂടെ (ക്വട്ടേഷൻ, ടെണ്ടർ മുതലായവ) ആയത് വാങ്ങാവുന്നതാണ്. GeM മുഖേന വാങ്ങുന്നതിന് നടപടികളൊന്നും സ്വീകരിച്ചില്ലെന്ന് മാത്രമല്ല, ടെണ്ടർ നടപടികളൊന്നും സ്വീകരിക്കാതെ പ്രസ്തുത സ്ഥാപനത്തിൽ നിന്നും നേരിട്ട് വാങ്ങുകയാണ് ചെയ്തിരിക്കുന്നത്. സർക്കാർ നിർദ്ദേശങ്ങൾ ലംഘിച്ച് പൊതുപണം ചെലവഴിച്ചത് സംബന്ധിച്ച് വിശദീകരണം ആരാഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറി നം. 12/26.10.2023ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവിന് സർക്കാർ സാധൂകരണം ലഭ്യമാക്കുന്നത് വരെ ചെലവ് തുക 168800/- രൂപ തടസ്സം ചെയ്യുന്നു.

## 1-25 മരുന്നുകൾ പൂർണ്ണമായി ലഭ്യമായിട്ടില്ല

മെഡിക്കൽ ഓഫീസർ FHC നിർവ്വഹണം നടത്തിയ താഴെപ്പറയുന്ന പദ്ധതികൾ പ്രകാരം മരുന്നുകൾ വിതരണം ചെയ്യുന്നതിനായി KMSCLന് തുക നൽകിയിട്ടുണ്ട്. ആയത് പ്രകാരം മരുന്നുകൾ ലഭ്യമാക്കി രേഖകൾ ഹാജരാക്കേണ്ടതാണ്.

| ക്ര.നം. | പ്രൊജക്റ്റ് | ഇൻവോയ്സ് പ്രകാരം നൽകിയ തുക (₹) | മരുന്നുകൾ ലഭ്യമാവാൻ അവശേഷിക്കുന്നത് (₹) |
|---|---|---|---|
| 1 | S0002/2023 : പരിരക്ഷ<br>ബിൽ നം. 33/23.03.2023 : ₹73,297/-<br>ബിൽ നം. 37/23.03.2023 : ₹3,26,703/-<br>ബിൽ നം. 22/21.01.2023 : ₹1,39,630/- | PRF-2783/5.12.2022 : ₹4,00,000/- (വികസന ഫണ്ട്) | 1,08,184 |
| | | PRF-3395/06.01.2023 : ₹50,000/- (വികസന ഫണ്ട്) | 5,183 |
| 2 | S0032/2023 : പി.എച്ച്.സി.യിലേക്ക് മരുന്ന് വാങ്ങൽ<br>ബിൽ നം. 23/21.01.2023 : ₹10,00,000/- | PRF-2795/06.12.2022 : ₹5,00,000/- (MG.NR) | 3,29,988 |
| | | PRF-2796/06.12.2022 : ₹5,00,000/- (MG.NR) | 2,38,875 |
| ആകെ | | | **6,82,230** |

6,82,230/- രൂപയുടെ മരുന്നുകൾ കൂടി ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്. ഓഡിറ്റ് എൻക്വയറി നം. 13/26.10.2023 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-26 ചെലവുകളുടെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കണ്ടതാണ്

സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെ പറയുന്ന ചെലവുകളുടെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. ഓഡിറ്റ് എൻക്വയറി നം. 23/27.10.2023 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവ് തുക 4,44,261/- രൂപ തടസ്സം ചെയ്യുന്നു -

### 1-26-1 രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെ പറയുന്ന ചെലവുകളുടെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ് .

| ക്രമ നം. | വൗച്ചർ/ബിൽ നമ്പർ/ തീയതി | ചെലവ് വിവരം | തുക (₹) | ഹാജരാക്കേണ്ട രേഖകൾ |
|---|---|---|---|---|
| 1 | 22200957/27.02.2023<br>22200959/27.02.2023<br>22201036/14.03.2023 | വൈദ്യുതി പോസ്റ്റ് മാറ്റി വെക്കൽ<br>S0134/23 | 7,019<br>39,996<br>5,126<br>(തനത് ഫണ്ട്) | KSEB ആലത്തിയൂരിൽ നിന്നും പൂർത്തീകരണ സാക്ഷ്യപത്രം |

| | | | | |
|---|---|---|---|---|
| 2 | 22200287/22.06.2022 | 9-ാം വാർഡിലെ പഞ്ചിലകത്ത് ഫുട്പാത്ത് എന്ന പ്രവൃത്തിക്കായി രണ്ട് വൈദ്യുതി പോസ്റ്റ് മാറ്റി വെക്കൽ | 12,951 (തനത് ഫണ്ട്) | KSEB ആലത്തിയൂരിൽ നിന്നും പൂർത്തീകരണ സാക്ഷ്യപത്രം |
| 3 | 22200709/19.12.2022 | പൊറ്റോടി, തണ്ടില്ലാക്കര എന്നീ കുടിവെള്ള പദ്ധതികളുടെ യീൽഡ് ടെസ്റ്റ് നടത്തുന്നതിന് GWD മലപ്പുറത്തിന് നൽകിയ തുക | 10,030 (തനത് ഫണ്ട്) | ടെസ്റ്റ് റിപ്പോർട്ട് |
| 4 | 22200710/19.12.2022 | ഒട്ടുംപുറം, ലക്ഷം വീട്, നാല് സെന്റ് കോളനി എന്നീ കുടിവെള്ള പദ്ധതികളുടെ യീൽഡ് ടെസ്റ്റ് നടത്തുന്നതിന് GWD മലപ്പുറത്തിന് നൽകിയ തുക | 17,895 (തനത് ഫണ്ട്) | ടെസ്റ്റ് റിപ്പോർട്ട് |
| | **ആകെ** | | **93,017** | |

രേഖകൾ പരിശോധനക്ക് ലഭ്യമാക്കുന്നത് വരെ ചെലവ് തുക 93,017/- രൂപ തടസ്സം ചെയ്യുന്നു.

## 1-26-2 രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്

സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെ പറയുന്ന ചെലവുകളുടെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം. | വൗച്ചർ/ബിൽ നമ്പർ/ തീയതി | ചെലവ് വിവരം | തുക (₹) | ഹാജരാക്കേണ്ട രേഖകൾ |
|---|---|---|---|---|
| 1 | 13/31.10.2022 | കോക്ലിയാർ ഇംപ്ലാന്റുകളുടെ മെയിന്റനൻസിന് കേരള സാമൂഹ്യ സുരക്ഷാ മിഷന് ഫണ്ട് കൈമാറൽ S0172/23 (വികസന ഫണ്ട്) | 50,000 | രശീതി, ഗുണഭോക്താവിന്റെ അപേക്ഷ |
| 2 | 09/22.09.2022 | ഐ.കെ.എം വിഹിതം നൽകൽ S0109/23 (വികസന ഫണ്ട്) | 1,03,777 | ഐ.കെ.എം.ൽ നിന്നുള്ള രശീതി |
| 3 | 22200711/21.12.2022 | മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾക്കായി മെഡിക്കൽ ഓഫീസർ.എഫ്.എച്ച്.സി.ക്ക് കൈമാറിയത് | 1,05,000 | ചെലവ് രേഖകൾ, വാർഡ് തല ശുചിത്വ സമിതികളുടെ ബാങ്ക് അക്കൗണ്ട് |

| | | | | |
|---|---|---|---|---|
| | | | | സ്റ്റേറ്റ്മെൻറ് |
| 4 | 22200818/17.01.2023 | ഔദ്യോഗിക വാഹനത്തിന്റെ ഇൻഷൂറൻസ് അടവാക്കിയത് | 13,967 | ഇൻഷൂറൻസ് സർട്ടിഫിക്കറ്റ് |
| 5 | 22200839/21.01.23 | തദ്ദേശകം .2023 ഗൈഡിന് ന് DDP, മലപ്പുറത്തിന് നൽകിയ തുക | 7,500 | രശീതി, സ്റ്റോക്ക്. ഇഷ്യൂ വിവരങ്ങൾ |
| 6 | 22200882/02.02.2023 | ശുചിത്വമിഷൻ അന്താരാഷ്ട്ര ടെക്നോളജിക്കൽ കോൺക്ലേവിന് നൽകിയ വിഹിതം | 25,000 | രശീതി |
| 7 | 22200871/01.02.2023 | തദ്ദേശദിനം 2023 പ്രിൻസിപ്പൽ ഡയറക്ടർ LSGDക്ക് നൽകിയ തുക | 30,000 | രശീതി |
| 8 | 22201109/28.03.2023 | ശ്രീ.എൽദോസ് പോൾ, അസി.സെക്രട്ടറിയുടെ ഫെസ്റ്റിവൽ അഡ്വാൻസ് തുക മലയാറ്റൂർ.നീലീശ്വരം ഗ്രാമ പഞ്ചായത്തിലേക്ക് അയച്ച് കൊടുത്തത്. | 16,000 | രശീതി |
| | | **ആകെ** | **3,51,244** | |

രേഖകൾ പരിശോധനക്ക് ലഭ്യമാക്കുന്നത് വരെ ചെലവ് തുക 3,51,244/- രൂപ തടസ്സം ചെയ്യുന്നു.

## 1-27 പോഷകാഹാര വിതരണം - അപാകതകൾ

നിർവ്വഹണം: ഐ.സി.ഡി.എസ് സൂപ്പർവൈസർ

പ്രോജക്ട് നം : 19/23

മൊത്തം അടങ്കൽ : ₹50 ലക്ഷം /-

ചെലവ് : ₹31,87,044/-

(പ്ലാൻ : ₹30,00,000/-

കേന്ദ്രാവിഷ്കൃതഫണ്ട് : ₹1,87,044/-)

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവഹണം നടത്തിയ അനുപൂരക പോഷകാഹാര വിതരണ പദ്ധതിയുടെ ഭാഗമായി പഞ്ചായത്തിലെ 34 അംഗൻവാടികളിൽ വിതരണം ചെയ്യുന്നതിനായി പവിത്രം ന്യൂട്രിമിക്സ് യൂണിറ്റ് ചമ്രവട്ടത്തു നിന്നും ന്യൂട്രിമിക്സ് വാങ്ങിയിട്ടുണ്ട്. വിശദ വിവരം താഴെ നൽകുന്നു.

| ക്രമ നം | ചെലവഴിച്ച തുക (₹) | വൗച്ചർ/ബിൽ നം, തീയതി | തൂക്കം (കി.ഗ്രാം) | പവിത്രം ന്യൂട്രിമിക്സ് യൂണിറ്റിന് നൽകിയ തുക |
|---|---|---|---|---|
| 1 | 2,84,773 | 1/28.7.22 | 3,477 | 2,43,090 |
| | | | 370 | 25,900 |
| 2 | 3,25,313 | 11/19.12.22 | 1,020 | 71,400 |

| | | | | |
|---|---|---|---|---|
| | | | 2,355 | 1,64,850 |
| | | | 1,020 | 71,400 |
| 3 | 1,75,010 | 18/15.1.23 | 1,345 | 94,150 |
| | | | 1,020 | 71,400 |
| 4 | 1,85,370 | 26/24.3.23 | 2,505 | 1,75,350 |
| **ആകെ** | | | **13,112** | **9,17,540** |

പ്രൊജക്ട് നടത്തിപ്പിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

1) നൃുട്രിമിക്സ് വിതരണം ചെയ്യുന്ന സ്ഥാപനത്തെ പഞ്ചായത്ത് ഭരണസമിതി അംഗീകരിച്ചിട്ടില്ല.

പഞ്ചായത്തിൽ ന്യൂട്രിമിക്സ് വിതരണം ചെയ്ത പവിത്രം ന്യൂട്രിമിക്സ് യൂണിറ്റ് ചമ്രവട്ടം എന്ന സ്ഥാപത്തെ പഞ്ചായത്തിലെ വിതരണത്തിനുള്ള ഏജൻസിയായി പഞ്ചായത്ത് ഭരണസമിതി അംഗീകരിച്ചിട്ടില്ല. ഈ സ്ഥാപനവുമായി ന്യൂട്രിമിക്സ് വിതരണത്തിന് പഞ്ചായത്ത് കരാർ ചമച്ചിട്ടുമില്ല.

2) ഭക്ഷണ സാധനത്തിന്റെ ഗുണനിലവാര പരിശോധന നടത്തിയിട്ടില്ല.

സാമൂഹ്യക്ഷേമ വകുപ്പ് ഡയറക്ടറുടെ ഐ.സി.ഡി.എസ് ബി3-312/10 തീയതി 18.12.10 കത്ത് പ്രകാരം രണ്ട് മാസത്തിലൊരിക്കൽ ന്യൂട്രിമിക്സ് സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബിൽ പരിശോധനയ്ക്ക് വിധേയമാക്കാനും ഓരോ കുടുംബശ്രീ യൂനിറ്റിൽ നിന്നും ഓരോ ബാച്ച് പ്രൊഡക്ടുകളുടെ സാമ്പിളുകൾ പരിശോധന നടത്താനും നിർദ്ദേശിച്ചിരുന്നു. പവിത്രം ന്യൂട്രിമിക്സ് യൂണിറ്റിൽ നിന്നും അംഗനവാടികളിലേയ്ക്ക് വിതരണം ചെയ്ത ഭക്ഷണസാധനത്തിന്റെ ഗുണനിലവാര പരിശോധന നടത്തിയതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമായിട്ടില്ല.

മേൽ രേഖകൾ പരിശോധനക്ക് ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിററ് എൻക്വയറി നം.30/28.10.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-28 മുഴുവൻ മരുന്നും ലഭ്യമാകാത്തതു സംബന്ധിച്ച്

മെഡിക്കൽ ഓഫീസർ (ഹോമിയോ) നിർവ്വഹണം നടത്തിയ, ഹോമിയോ ഡിസ്പെൻസറിയിലേയ്ക്ക് മരുന്ന് വാങ്ങൽ (9/23) എന്ന പ്രൊജക്ടു പ്രകാരം മരുന്നുകൾ ലഭ്യമാക്കുന്നതിന് ഹോംകോയ്ക്ക് 5ലക്ഷം രൂപ മുൻകൂറായി നൽകിയിട്ടുണ്ട് .

BRN : 22151752035800894244/12.12.22

ഫണ്ട് : MG റോഡിതരം

എന്നാൽ പ്രഫോർമ ഇൻവോയ്സ് നം. 1057/20.12.22 പ്രകാരമുള്ള മുഴുവൻ മരുന്നുകളും ഓഡിറ്റ് തീയതി വരെയും ഹോംകോയിൽ നിന്നും ലഭ്യമായിട്ടില്ല. മരുന്ന് ലഭ്യമായതിന്റെ വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| ഇൻവോയ്സ് നം &തീയതി | തുക (₹) | ലഭിയ്ക്കാൻ അവശേഷിയ്ക്കുന്ന മരുന്നിന്റ വില (₹) |
|---|---|---|
| 1136/24.08.2023 | 2,76,951 | 2,23,049 |

അവശേഷിയ്ക്കുന്ന 2,23,049/- രൂപയ്ക്കുള്ള മരുന്നുകൾ ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിവരം അറിയിയ്ക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറി നം 3/25.10.23ന് ലഭ്യമാക്കിയ മറുപടിയിൽ ഹോംകോയുമായി ബന്ധപ്പെട്ട് മരുന്നുകൾ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിയ്ക്കുന്നതാണെന്ന് മെഡിയ്ക്കൽ ഓഫീസർ അറിയിച്ചിട്ടുണ്ട്. മരുന്നുകൾ ലഭ്യമായ വിവരം സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 1-29 ലൈഫ് മിഷൻ പദ്ധതി - ഭവനനിർമാണത്തിന് മാർഗ രേഖയ്ക്കു വിരുദ്ധമായി അധികം തുക നൽകി.

നിർവഹണം : വി.ഇ.ഒ (ചമ്രവട്ടം സർക്കിൾ)

പ്രൊജക്ട് : ലൈഫ് ഭവന പദ്ധതി 101/23

ആകെ ചെലവ് : ₹56,55,000/-

(പ്ലാൻ ഫണ്ട് : ₹33,45,000/-,
സംസ്ഥാനാവിഷ്കൃത ഫണ്ട് : ₹1,00,000/-,
ബ്ലോക്ക് പഞ്ചായത്ത് : ₹8,30,000/-,
ജില്ലാ പഞ്ചായത്ത് : ₹10,00,000/-,
വായ്പ : ₹3,80,000/-)

ലൈഫ് മിഷൻ പദ്ധതിയുടെ ഭാഗമായി ഭൂമിയുള്ള ഭവനരഹിതർക്ക് ഭവനനിർമാണത്തിന് ധനസഹായം നൽകുന്ന പദ്ധതിയിൽ ഉൾപ്പെടുത്തി, അപേക്ഷകർക്കുള്ള ധനസഹായതുക ജനറൽ വിഭാഗത്തിന് 4 ലക്ഷം രൂപ അനുവദിക്കാവുന്നതാണെന്ന് ടി പദ്ധതിയുടെ മാർഗരേഖയിൽ (സ.ഉ. (സാധാ) നം 3818/18 തീയതി. 21.12.18) നിഷ്കർഷിക്കുന്നുണ്ട്.

എന്നാൽ ലൈഫ് പദ്ധതിയുമായി ബന്ധപ്പെട്ട രജിസ്റ്റർ പരിശോധനയിൽ, മേൽ പദ്ധതി പ്രകാരം “ശ്രീമതി. ബിന്ധ്യ W/o ബിജു, ആളൂർ, ചേമ്പുംപടി, തൃപ്രങ്ങോട്, വാർഡ് 7” എന്ന ഗുണഭോക്താവിന് (അക്കൗണ്ട് നം 40147101057360) ഈ പദ്ധതിയിൽ ഉൾപ്പെടുത്തി താഴെ പറയും പ്രകാരമുള്ള തുകകൾ അനുവദിച്ചിട്ടുള്ളതായി കണ്ടെത്തി. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ബിൽ നം /തീയതി, തുക (₹) | നൽകിയ തുക (₹) | കൈ പറ്റിയ തീയതി (രജിസ്റ്റർ പ്രകാരം) | ഗഡുക്കളുടെ വിവരം |
|---|---|---|---|
| 22150552042700585519/28.09.22, 1,60,000/- | 80,000 | 28.09.22 | ഒന്നാം ഗഡു |
| 22150552042700909550/14.12.2022, 1,60,000/- | 1,60,000 | 14.12.22/31.01.23 | രണ്ടാം ഗഡു |
| 22150552042701125739/02.02.23, 7,15,000/- | 2,20,000 | 02.02.23 | മൂന്നാം ഗഡു |
| 22150552042700585829/25.03.23, 3,80,000/- | 60,000 | 25.03.23 | നാലാം ഗഡു |
| **ആകെ** | **5,20,000** | | |

ടി ഗുണഭോക്താവിന് മാർഗരേഖപ്രകാരം അനുവദനീയമായ തുകയിലും അധികം തുക , അതായത് 1,20,000/- ഈ ഇനത്തിൽ നൽകിയിട്ടുണ്ട്. മാർഗരേഖക്കു വിരുദ്ധമായി അധികം തുക നൽകിയത് ഓഡിറ്റ് അംഗീകരിക്കുന്നില്ല. വിശദീകരണം ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 28/27.10.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അധികം നൽകിയ തുക തിരിച്ചടവാക്കേണ്ടതാണ്.

## 1-30 ഭവന നിർമ്മാണം ആരംഭിച്ചിട്ടില്ല.

പ്രൊജക്ടിന്റെ പേര് : ലൈഫ് മിഷൻ പദ്ധതി (SC )125/23

അടങ്കൽ : ₹6,67,25,000/-

ചെലവ് : ₹6,25,70,000/-

ഒന്നാം ഗഡു കൈപ്പറ്റിയ താഴെ പറയുന്ന ഗുണഭോക്താക്കൾ നാളിതുവരെയും ഭവനനിർമ്മാണം ആരംഭിച്ചിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു. (ആലത്തിയൂർ സർക്കിൾ)

| ക്രമനം | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക (₹) | തീയതി |
|---|---|---|---|
| 1 | ജിൽഷ.ടി.വി. വാർഡ് 11 | 40,000 | 22.02.23 |
| 2 | ഷാജി.വാർഡ് 14 | 40,000 | 22.02.23 |
| 3 | രതീഷ് എം. വാർഡ് 19 | 40,000 | 22.02.23 |

മേൽ ഗുണഭോക്താക്കൾ ഭവന നിർമാണം ആരംഭിച്ചിക്കാത്തതിന്റെ കാരണം ആരാഞ്ഞു കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം.5/25.10.23 നുള്ള മറുപടിയിൽ, ഉടൻ പ്രവൃത്തി തുടങ്ങുമെന്ന് ഗുണഭോക്താക്കൾ അറിയിച്ചിട്ടുണ്ടെന്ന് നിർവഹണ ഉദ്യോഗസ്ഥ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. നിർമാണം ആരംഭിക്കാത്ത പക്ഷം തുക തിരികെ ഈടാക്കാൻ നടപടികൾ സ്വീകരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-31 കിച്ചൺ വേസ്റ്റ് ഡൈജസ്റ്റ് : പദ്ധതി നടത്തിപ്പിലെ അപാകതകൾ

നിർവ്വഹണം : വി.ഇ.ഒ.

പ്രൊജക്ട് നം : 182/23

പ്രൊജക്ട് : കിച്ചൺ വേസ്റ്റ് ഡൈജസ്റ്റ്

അടങ്കൽ : ₹29,29,024/-

ആകെ ചെലവ് : ₹29,25,755/-

(ധനകാര്യ കമ്മീഷൻ അവാർഡ് : ₹26,28,600/- ( ചെക്ക് *നം - 22200367/01.03.23)*

തനത് ഫണ്ട് : ₹4,346/- (ചെക്ക് *നം- 22200782/21.3.23)*

ഗുണഭോക്തൃവിഹിതം : ₹2,92,809/-)

ഗ്രാമ പഞ്ചായത്തിലെ ചമ്രവട്ടം സർക്കിളിൽ ഉറവിട മാലിന്യ സംസ്കരണ സംവിധാനം ഇല്ലാത്തതായ വീട്ടുകൾക്ക് പ്രസ്തുത സംവിധാനം ഒരുക്കുക എന്ന ലക്ഷ്യത്തോടെ വി.ഇ.ഒ നിർവഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ മേൽ പ്രൊജക്ട് പ്രകാരം, 6,264/- രൂപ നിരക്കിൽ 467 കിച്ചൺ വേസ്റ്റ് ഡൈജസ്റ്റ് വാങ്ങിയതിന് (ഇൻവോയ്സ് നം 118/20.3.23) "സ്കാപ്പി ഇന്നോവേഷൻ, മഞ്ചേരി" എന്ന സ്ഥാപനത്തിന് ₹29,25,755/- അടവാക്കിയിട്ടുണ്ട്. 90% ധനകാര്യ കമ്മീഷന് അവാർഡ് വിഹിതവും ഗുണഭോക്തൃവിഹിതം 10% വും ഉൾപ്പെടുത്തിയാണ് പ്രൊജക്ട് നടപ്പിലാക്കിയിരിക്കുന്നത്. പദ്ധതിയുമായി ബന്ധപ്പെട്ട് താഴെ പറയുന്ന വിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

1. വാങ്ങിയ കിച്ചൺ വേസ്റ്റ് ഡൈജസ്റ്റുകൾ സ്റ്റോക്കിലെടുത്തിന്റെ വിവരം

2. 467 കിച്ചൺ വേസ്റ്റ് ഡൈജസ്റ്റർക്കുള്ള ഗുണഭോക്താക്കൾക്ക് പുറമെ കളക്ഷൻ രജിസ്റ്റർ പ്രകാരം 49 ഗുണഭോക്താക്കളിൽ നിന്നു കൂടി 627/- രൂപ വീതം ഗുണഭോക്തൃ വിഹിതമായി ആകെ 30,723/- രൂപ പിരിച്ചെടുത്ത് പഞ്ചായത്തിൽ അടവാക്കിയിട്ടുണ്ട്. എന്നാൽ കിച്ചൺ വേസ്റ്റ് ഡൈജസ്റ്റുകൾ ടി ഗുണഭോക്താക്കൾ ലഭ്യമാക്കിയിട്ടില്ല. ഗുണഭോക്താക്കൾക്ക് തുക തിരിച്ച് നൽകിയതിന്റെ വിശദാംശങ്ങൾ, അല്ലെങ്കിൽ ഈ ഗുണഭോക്താക്കളെ കൂടി ഉൾപ്പെടുത്തി പ്രൊജക്ട് സ്പിൽഓവറായി വച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം

3. പദ്ധതിയുടെ പൂർത്തീകരണ സാക്ഷ്യപത്രം , മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ.

മേൽ വിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ് എന്നറിയിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് നം (34/28.10.23) മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. രേഖകൾ ഹാജരാക്കുന്നതുവരെ ചെലവ് തുക 29,25,755/- രൂപ തടസ്സം ചെയ്യുന്നു.

## 1-32 കറവ പശുക്കൾക്ക് കാലിത്തീറ്റ (ജനറൽ) - വിശദമായ രേഖകൾ ലഭ്യമാക്കിയില്ല

നിർവ്വഹണം : വെറ്ററിനറി സർജൻ

പ്രൊജക്ടിന്റെ പേര് : കറവപശു കാലിത്തീറ്റ വിതരണം 121/23 (ജനറൽ)

അടങ്കൽ : ₹18,41,400/-

ചെലവ് : ₹12,24,810/-

(പ്ലാൻ വിഹിതം : ₹6,98,895/-

ഗുണഭോക്തൃ വിഹിതം : ₹5,25,915/-)

മേൽ പ്രൊജക്ട് പ്രകാരം കറവപശുക്കൾക്കുള്ള കാലിത്തീറ്റ വാങ്ങി വിതരണം ചെയ്യുന്നതിനായി കേരള ഫീഡ്സ് , തൃശ്ശൂരിന് അടവാക്കിയ തുകകളുടെ വിശദാംശങ്ങളാണ് താഴെ ചേർത്തിരിക്കുന്നത്.

| ക്രമ നം | ബിൽ നം &തീയതി | പ്ലാൻ ഫണ്ട് വിഹിതം (₹) | ഗുണഭോക്തൃ വിഹിതം (₹) | കേരള ഫീഡ്സിനു അടവാക്കിയ തുക (₹) |
|---|---|---|---|---|
| 1 | 400/28.03.23 | 1,84,140 | 5,25,915 | 12,24,810 |
| 2 | 402/28.03.23 | 1,72,980 | | |
| 3 | 368/27.03.23 | 3,41,775 | | |
| | **ആകെ** | **6,98,895** | **5,25,915** | **12,24,810** |

മേൽ പദ്ധതിയുമായി ബന്ധപ്പെട്ട് താഴെ പറയുന്ന വിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

1) കേരള ഫീഡ്സിനു നൽകിയ മേൽ തുകകൾക്ക് ആനുപാതികമായ ഇൻവോയ്സുകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

2) വാങ്ങിയ കാലിത്തീറ്റയുടെ സ്റ്റോക്ക് വിവരം, ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തതിന്റെ വിവരം എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

3) എത്ര പേരാണ് ഈ പദ്ധതിയുടെ ആകെ ഗുണഭോക്താക്കൾ എന്നതു സംബന്ധിച്ച വിവരവും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

മേൽ വിവരങ്ങൾ പരിശോധനയ്ക്ക് ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.14/26.10.23 ന് ലഭ്യമാക്കിയ മറുപടിയിൽ ഈ പ്രൊജക്ട് സ്പിൽഓവർ പ്രൊജക്ട് ആയതിനാൽ അടുത്ത സാമ്പത്തിക വർഷത്തെ ഓഡിറ്റിന് രേഖകൾ സമർപ്പിക്കുന്നതാണ് എന്നാണ് അറിയിച്ചത്. മാത്രമല്ല, ലഭ്യമാക്കിയ ഇൻവോയ്സുകൾ പ്രകാരമുള്ള തുകകൾ മേൽ ചെലവു

തുകകളുമായി പൊരുത്തപ്പെടുന്നുമില്ല. വ്യക്തമായ രേഖകളുടെ അഭാവത്തിൽ ചെലവു തുക ₹12,24,810/- തടസ്സം ചെയ്യുന്നു.

## 1-33 കറവ പശുക്കൾക്ക് കാലിത്തീറ്റ (SC)- വിശദമായ രേഖകൾ ലഭ്യമാക്കിയില്ല.

നിർവ്വഹണം : വെറ്ററിനറി സർജൻ

പ്രൊജക്ടിന്റെ പേര് : കറവപശു കാലിത്തീറ്റ വിതരണം 139/23 (SC)

അടങ്കൽ : ₹2,79,000/-

ചെലവ് : ₹1,80,652/-

(പ്ലാൻ SC വിഹിതം : ₹1,54,845/-
ഗുണഭോക്തൃ വിഹിതം : ₹25,807/-)

മേൽ പ്രൊജക്ട് പ്രകാരം കറവപശുക്കൾക്കുള്ള കാലിത്തീറ്റ വാങ്ങി വിതരണം ചെയ്യുന്നതിനായി കേരള ഫീഡ്സ്, തൃശ്ശൂരിന് അടവാക്കിയ തുകകളുടെ വിശദാംശങ്ങളാണ് താഴെ ചേർത്തിരിയ്ക്കുന്നത്.

| ക്രമ നം | ബിൽ നം & തീയതി | പ്ലാൻ ഫണ്ട് വിഹിതം (₹) | ഗുണഭോക്തൃ വിഹിതം (₹) | കേരള ഫീഡ്സിനു അടവാക്കിയ തുക (₹) |
|---|---|---|---|---|
| 1 | 401/28.3.23 | 39,757 | | |
| 2 | 403/28.3.23 | 77,423 | 25,807 | 1,80,652 |
| 3 | 364/27.3.23 | 37,665 | | |
| | **ആകെ** | **1,54,845** | **25,807** | **1,80,652** |

മേൽ പദ്ധതിയുമായി ബന്ധപ്പെട്ട് താഴെ പറയുന്ന വിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

1) കേരള ഫീഡ്സിനു നൽകിയ മേൽ തുകകൾക്ക് ആനുപാതികമായ ഇൻവോയ്സുകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

2) വാങ്ങിയ കാലിത്തീറ്റയുടെ സ്റ്റോക്ക് വിവരം,ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തതിന്റെ വിവരം എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

3) എത്ര പേരാണ് ഈ പദ്ധതിയുടെ ആകെ ഗുണഭോക്താക്കൾ എന്നതു സംബന്ധിച്ച വിവരവും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

മേൽ വിവരങ്ങൾ പരിശോധനയ്ക്ക് ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.15/26.10.23 ന് ലഭ്യമാക്കിയ മറുപടിയിൽ ഈ പ്രൊജക്ട് സ്പിൽഓവർ പ്രൊജക്ട് ആയതിനാൽ അടുത്ത സാമ്പത്തിക വർഷത്തെ ഓഡിറ്റിന് രേഖകൾ സമർപ്പിയ്ക്കുന്നതാണ് എന്നാണ് അറിയിച്ചത്. മാത്രമല്ല, ലഭ്യമാക്കിയ ഇൻവോയ്സുകൾ പ്രകാരമുള്ള തുകകൾ മേൽ ചെലവു തുകകളുമായി പൊരുത്തപ്പെടുന്നുമില്ല. വ്യക്തമായ രേഖകളുടെ അഭാവത്തിൽ ചെലവു തുക ₹1,80,652/- തടസ്സം ചെയ്യുന്നു.

## 1-34 വാഹനം വാടക - ആദായ നികുതി ഈടാക്കിയില്ല

നിർവ്വഹണം : ഐ.സി.ഡി.എസ് സൂപ്പർവൈസർ

പ്രോജക്ട് : പകൽവീട് (21/23)

മൊത്തം അടങ്കൽ : ₹5,90,000/-

ചെലവ് : ₹4,89,572/-

പകൽവീട് പ്രൊജക്ടിന്റെ ഭാഗമായി വയോജനങ്ങളെ വിവിധ സ്ഥലങ്ങളിൽ നിന്നും പകൽവീട്ടിലേയ്ക്ക് എത്തിയ്ക്കുന്നതിനായി കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത ശ്രീ. സുജീഷ് എന്നയാളുടെ വാഹനം (നം KL 51B2744) ദിവസം 880 രൂപ നിരക്കിൽ വാടകക്ക് എടുക്കുകയും ഓഡിറ്റ് വർഷം വാടക ഇനത്തിൽ ആകെ 2,00,410/- രൂപ ടിയാൾക്ക് നൽകിയിട്ടുമുണ്ട്. ഇൻകം ടാക്സ് നിയമം സെക്ഷൻ 194C പ്രകാരം വാഹന വാടക ഇനത്തിൽ ഒരു വ്യക്തിക്ക് ഒരു വർഷം നൽകുന്ന തുക 1,00,000/- രൂപയിൽ അധികരിക്കുന്നു എങ്കിൽ 1% ആദായ നികുതി കരാറുകാരനിൽ നിന്ന് ഈടാക്കേണ്ടതുണ്ട്. എന്നാൽ ഐ.സി.ഡി.എസ് സൂപ്പർ വൈസർ കരാറുകാരനിൽ നിന്ന് ആദായ നികുതി ഈടാക്കാതെ മുഴുവൻ തുകയും കരാറുകാരന് നൽകിയിരിക്കുകയാണ്.

| ബിൽ നം/തീയ്യതി; തുക (₹) | വാഹന വാടക നൽകിയത് (₹) | ഈടാക്കേണ്ട ആദായ നികുതി (₹) |
|---|---|---|
| ബിൽ നം. 3/02.08.22; 79,629/- | 66,000 | |
| ബിൽ നം.5/26.09.22; 24,500/- | 24,500 | |
| ബിൽ നം.12/13.12.22; 55,781/- | 55,781 | 2,004 |
| ബിൽ നം.17/31.01.23; 42,279/- | 22,000 | |
| ബിൽ നം.19/6.01.23; 92,223/- | 32,129 | |

| | | |
|---|---|---|
| **ആകെ** | **2,00,410** | **2,004** |

ആദായ നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം 31/28.10.23ന് ലഭ്യമാക്കിയ മറുപടിയിൽ ഈടാക്കാനവശേഷിയ്ക്കുന്ന ആദായ നികുതി 2023-24ലെ ബില്ലിൽ നിന്നും കുറവ് വരുത്തുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. തുടർ നടപടി വിവരം അറിയിയ്ക്കേണ്ടതാണ്.

### 1-35 പി.എം.എ.വൈ പദ്ധതി - വിവരം ലഭ്യമാക്കിയില്ല.

വി.ഇ.ഒ നിർവ്വഹണം നടത്തിയ, താഴെ പറയുന്ന പ്രൊജക്ടുകൾ പ്രകാരം 2,10,000/- രൂപ തിരൂർ ബ്ലോക്ക് പഞ്ചായത്തിന് കൈമാറിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| പ്രൊജക്ട് | ഫണ്ട്, തുക (₹) | നൽകിയ തുക (₹) | ബിൽ നം./ചെക്ക് നം. തീയതി |
|---|---|---|---|
| പി.എം.എ.വൈ SC അധികവിഹിതം നൽകൽ (103/23) | പ്ലാൻ, 70,000 | 70,000 | 15/7.2.23 |
| പി.എം.എ.വൈ ജനറൽ (102/23) | പ്ലാൻ, 70,000<br>തനത്, 70,000 | 70,000<br>70,000 | 15/7.2.23<br>22201110/28.3.23 |
| **ആകെ** | | **2,10,000** | |

പദ്ധതിയുമായി ബന്ധപ്പെട്ട് താഴെ പറയുന്ന രേഖകൾ ഫയലിനോടൊപ്പം ഹാജരാക്കിയിട്ടില്ല .

1) ബ്ലോക്ക് പഞ്ചായത്ത്, പദ്ധതി വിഹിതം ചെലവഴിച്ചതിന്റ വിനിയോഗ സാക്ഷ്യപത്രങ്ങൾ .

2) ബ്ലോക്ക് പഞ്ചായത്തിന്റെ പ്രൊജക്ട് വിവരം .

3) മേൽ തുകകൾ കൈപ്പറ്റിയ ഗുണഭോക്താക്കളുടെ വിവരം എന്നിവ.

മേൽ രേഖകൾ ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.33/28.10.23) മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. അതുവരെ ചെലവ് തുക 2,10,000 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ലൈഫ് മിഷൻ പദ്ധതി - ഭവനനിർമാണത്തിന് മാർഗ രേഖയ്ക്ക് വിരുദ്ധമായി അധികം തുക നൽകി.

നിർവഹണം : വി.ഇ.ഒ (ചമ്രവട്ടം സർക്കിൾ)

പ്രൊജക്ട് : ലൈഫ് ഭവന പദ്ധതി 101/23

ആകെ ചെലവ് : ₹56,55,000/-

(പ്ലാൻ ഫണ്ട് : ₹33,45,000/-,
സംസ്ഥാനാവിഷ്കൃത ഫണ്ട് : ₹1,00,000/-,
ബ്ലോക്ക് പഞ്ചായത്ത് : ₹8,30,000/-,
ജില്ലാ പഞ്ചായത്ത് : ₹10,00,000/-,
വായ്പ : ₹3,80,000/-)

ലൈഫ് മിഷൻ പദ്ധതിയുടെ ഭാഗമായി ഭൂമിയുള്ള ഭവനരഹിതർക്ക് ഭവനനിർമാണത്തിന് ധനസഹായം നൽകുന്ന പദ്ധതിയിൽ ഉൾപ്പെടുത്തി, അപേക്ഷകർക്കുള്ള ധനസഹായതുക ജനറൽ വിഭാഗത്തിന് 4 ലക്ഷം രൂപ അനുവദിയ്ക്കാവുന്നതാണെന്ന് ടി പദ്ധതിയുടെ മാർഗരേഖയിൽ (സ.ഉ. (സാധാ) നം 3818/18 തീയതി. 21.12.18)

നിഷ്കർഷിയ്ക്കുന്നുണ്ട്.

എന്നാൽ ലൈഫ് പദ്ധതിയുമായി ബന്ധപ്പെട്ട രജിസ്റ്റർ പരിശോധിച്ചപ്പോൾ, മേൽ പദ്ധതി പ്രകാരം "ശ്രീമതി. ബിന്ധ്യ W/o ബിജു, ആളൂർ, ചേമ്പുംപടി, തൃപ്രങ്ങോട്, വാർഡ് 7" എന്ന ഗുണഭോക്താവിന് (അക്കൗണ്ട് നം 40147101057360) ഈ പദ്ധതിയിൽ ഉൾപ്പെടുത്തി താഴെ പറയും പ്രകാരമുള്ള തുകകൾ അനുവദിച്ചതായി കണ്ടെത്തി.

| ബിൽ നം /തീയതി, തുക (₹) | നൽകിയ തുക (₹) | കൈ പറ്റിയ തീയതി (രജിസ്റ്റർ പ്രകാരം) | ഗഡുക്കളുടെ വിവരം |
|---|---|---|---|
| 221505520427005855519/28.09.22, 1,60,000/- | 80,000 | 28.09.22 | ഒന്നാം ഗഡു |
| 2215055204270090909550/14.12.2022, 1,60,000/- | 1,60,000 | 14.12.22/31.01.23 | രണ്ടാം ഗഡു |
| 221505520427011125739/02.02.23, 7,15,000/- | 2,20,000 | 02.02.23 | മൂന്നാം ഗഡു |
| 221505520427005855829/25.03.23, 3,80,000/- | 60,000 | 25.03.23 | നാലാം ഗഡു |
| **ആകെ** | **5,20,000** | | |

ടി ഗുണഭോക്താവിന് മാർഗരേഖപ്രകാരം അനുവദനീയമായ തുകയിലും അധികം തുക, അതായത് 1,20,000/- ഈ ഇനത്തിൽ നൽകിയിട്ടുണ്ട്. മാർഗരേഖയ്ക്കു വിരുദ്ധമായി അധികം തുക നൽകിയത് ഓഡിറ്റ് അംഗീകരിയ്ക്കുന്നില്ല. വിശദീകരണം ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 28/27.10.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അധികം നൽകിയ തുക തിരിച്ചടവാക്കേണ്ടതാണ്. അധികം ചെലവഴിച്ച 1,20,000/- രൂപ നിർവ്വഹണോദ്യോഗസ്ഥയായ വി.ഇ.ഒ യുടെ ബാധ്യതയായി നിജപ്പെടുത്തുന്നു.

## 3-2 പരിധിയിൽ കവിഞ്ഞ് നൽകിയ യാത്രാബത്ത തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്

വൗച്ചർ നം. 22200619/16.11.2022 : ₹26,580/-

ജി.ഒ.(പി)നം.137/2016/ധന/09.09.2016 പ്രകാരം ഔദ്യോഗിക വാഹനം ഉപയോഗിക്കുന്ന ഓഫീസർക്ക്, വാഹനം ഇല്ലാതെ യാത്ര ചെയ്യുന്ന ഓഫീസറുടെ പ്രതിമാസ (2,260)/ത്രൈമാസ (6,780) T.A. സീലിംഗിന്റെ 50% (1,130/3,390) ആണ് പരിധി. ഒരു മാസത്തിൽ, പരിധിയുടെ 120% അധികമായി നൽകാമെങ്കിലും ആയത് അതേ ത്രൈമാസത്തിൽ ക്രമീകരിക്കേണ്ടതാണ്. ഔദ്യോഗിക വാഹനത്തിൽ യാത്ര ചെയ്ത ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി ശാലിനി. വി-ക്ക് മേൽ പരിധിയിൽ കവിഞ്ഞ് യാത്രാബത്ത തനത് ഫണ്ടിൽ നിന്നും നൽകിയിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്ര.നം. | മാസം | തുക (₹) | ത്രൈമാസത്തിൽ നൽകിയ തുക (₹) | 3,390 രൂപയിൽ കൂടുതലായി നൽകിയ തുക (₹) |
|---|---|---|---|---|
| 1 | 07/2021 | 600 | 4,200 | 810 |
| 2 | 08/2021 | 1,800 | | |
| 3 | 09/2021 | 1,800 | | |
| 4 | 10/2021 | 1,800 | 6,000 | 2,610 |
| 5 | 11/2021 | 1,800 | | |
| 6 | 12/2021 | 2,400 | | |
| 7 | 01/2022 | 2,100 | 6,600 | 3,210 |
| 8 | 02/2022 | 1,800 | | |
| 9 | 03/2022 | 2,700 | | |
| 10 | 04/2022 | 2,100 | 6,600 | 3,210 |
| 11 | 05/2022 | 2,100 | | |
| 12 | 06/2022 | 2,400 | | |

| | | | | |
|---|---|---|---|---|
| | | ആകെ | | 9,840 |

ഓഡിറ്റ് എൻക്വയറി നം. 25/27.10.2023ന് മറുപടി ലഭ്യമാക്കിയിട്ടില്ല. പരിധിയിൽ കവിഞ്ഞ് നൽകിയ യാത്രാബത്ത 9,840/- രൂപ തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2022-23 | 2022-23 വാർഷിക ഓഡിറ്റ് വേളയിൽ വാർഷിക ധനകാര്യ പത്രികയുടെ പരിശോധന നടത്തി | ഈ റിപ്പോർട്ടിന്റെ ഭാഗമാക്കി. |

### 4-2 സംയുക്ത പ്രൊജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | പദ്ധതി നം, പേര് | ലഭിച്ച തുക (₹) | ചെലവഴിച്ച തുക (₹) | നീക്കിയിരിപ്പ് (₹) |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 101/23 - ലൈഫ് ഭവന പദ്ധതി ജനറൽ | 8,30,000 | 8,30,000 | 0 |
| | 105/23 - നെല്ല് - സ്ഥിരം കൃഷി പ്രോൽസാഹനം | 8,05,000 | 8,05,000 | 0 |
| | 124/23 - ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് | 3,51,100 | 3,51,100 | 0 |
| | 125/23 - ലൈഫ് ഭവന പദ്ധതി എസ്.സി | 17,00,000 | 17,00,000 | 0 |
| | **ആകെ** | **36,86,100** | **36,86,100** | **0** |
| ജില്ലാ പഞ്ചായത്ത് | 100/23 - പാലിന് സബ്സിഡി | 2,00,000 | 2,00,000 | 0 |
| | 101/23 - ലൈഫ് ഭവന പദ്ധതി ജനറൽ | 10,00,000 | 10,00,000 | 0 |
| | 105/23 - നെല്ല് - സ്ഥിരം കൃഷി പ്രോൽസാഹനം | 8,05,000 | 8,05,000 | 0 |
| | 124/23 - ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് | 2,50,000 | 2,50,000 | 0 |
| | 125/23 - ലൈഫ് ഭവന പദ്ധതി എസ്.സി | 5,20,000 | 5,20,000 | 0 |
| | 289/23 – എസ്.സി വിദ്യാർത്ഥികൾക്ക് മെറിറ്റോറിയസ് സ്കോളർഷിപ്പ് | 90,000 | 90,000 | 0 |
| | **ആകെ** | **28,65,000** | **28,65,000** | **0** |

### 4-3 ഡെപോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനത്തിന് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ തുക നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ/ബിൽ നമ്പർ | മുൻകൂർ നൽകിയ തുക (₹) | ചെലവഴിച്ച തുക (₹) | ചെലവഴിക്കാൻ ബാക്കിയുള്ള തുക (₹) |
|---|---|---|---|---|---|
| കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 134/23 - വൈദ്യുതി പോസ്റ്റ് മാറ്റി വെക്കൽ | 22200957/ 27.02.2023 | 7,019 | 7,019 | 0 |
| | **ആകെ** | | **7,019** | **7,019** | **0** |

### 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

| ക്രമ നം. | വായ്പയുടെ പേര് / ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക (₹) | തൻവർഷം ലഭ്യമായ വായ്പ തുക (₹) | തൻവർഷം തിരിച്ചടച്ച തുക (₹) | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക (₹) |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| 1 | ലൈഫ് ഭവനപദ്ധതി – KURDFC | ലഭ്യമല്ല | 1,47,71,271 | 83,00,176 | 29,37,841 | 0 | 2,01,33,606 |

## 4-6 സ്ഥിരനിക്ഷേപങ്ങൾ

**വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.**

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം (₹) | 0 |
| തൻവർഷം നിക്ഷേപിച്ച തുക (₹) | 30,00,000 |
| ആകെ (₹) | 30,00,000 |
| തന്നാണ്ടിൽ പിൻവലിച്ച തുക (₹) | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം (₹) | 30,00,000 |

| നിക്ഷേപത്തിന്റെ വിവരം | തുക (₹) | രശീതി നം. |
|---|---|---|
| ഫിക്സഡ് ഡെപ്പോസിറ്റ് - തൃപ്രങ്ങോട് സർവ്വീസ് സഹകരണ ബാങ്ക് | 30,00,000 | 3620/31.03.2023 |
| **ആകെ** | **30,00,000** | |

## 4-7 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക (₹) | ഒടുക്കിയ ആൾ | രശീത് നമ്പർ / തിയ്യതി |
|---|---|---|---|---|
| 2018-19 | 1-12(B) | 103 | ശ്രീ. മൊയ്തുട്ടി വട്ടപ്പറമ്പിൽ | 1220302008/19.11.2022 |
| 2021-22 | ഖണ്ഡിക 3-1 | 2,160 | ശ്രീ. സജിത്ത്. പി. | 1220306470/03.02.2023 |
| 2021-22 | ഖണ്ഡിക 3-1 | 385 | ശ്രീ. ബാലകൃഷ്ണൻ. ടി. | 1220306400/03.02.2023 |
| 2021-22 | ഖണ്ഡിക 3-1 | 1,436 | ശ്രീ. നിസ്സാർ. പി. | 1220306469/03.02.2023 |
| 2021-22 | ഖണ്ഡിക 1-23 | 1,131 | ശ്രീ. ശ്രീജിത്ത്. കെ. | 1220306471/03.02.2023 |
| 2021-22 | ഖണ്ഡിക 3-2 | 3,216 | ശ്രീ. സലീം. പി. | 1220306472/03.02.2023 |
| 2021-22 | ഖണ്ഡിക 3-2 | 5,933 | ശ്രീ. ശ്രീജിത്ത്. കെ. | 1220306473/03.02.2023 |
| 2021-22 | ഖണ്ഡിക 3-1 | 1,861 | ശ്രീ. കിഷോർ കുമാർ. എം. | 1220306474/03.02.2023 |
| 2021-22 | ഖണ്ഡിക 3-1 | 2,404 | ശ്രീ. കിഷോർ കുമാർ. എം. | 1220306475/03.02.2023 |
| 2021-22 | ഖണ്ഡിക 3-1 | 1,252 | ശ്രീ. എ. ബാലൻ | 1220306476/03.02.2023 |
| | **ആകെ** | **19,881** | | |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 - വകുപ്പ് പ്രകാരമുള്ള സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1997-98 | 3(1) | 2006-07 | - | തയ്യൽ മെഷീൻ കുറഞ്ഞ നിരക്ക് സ്വീകരിച്ചില്ല 31,520/- രൂപ | നടപടി തുടരുന്നു |

| | | | | | |
|---|---|---|---|---|---|
| 1998-99 | 3(9) | 2007-08 | - | വൗച്ചറുകൾ ഹാജരാക്കിയില്ല | നടപടി തുടരുന്നു |
| 2015-16 | 2(4) | 2016-17 | - | സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല | നടപടി തുടരുന്നു |

## 4-9 ചാർജ്/സർചാർജ് നടപടികളുടെ വിവരം

| ക്രമ നം | റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ്. | ചാർജ്ജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (₹) (രസീത് നമ്പർ, തിയ്യതി) | റവന്യൂ റിക്കവറിയിലൂടെ ഈടാക്കിയ തുക (₹), രസീത് | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക (₹) | അവശേഷിക്കുന്ന തുക (₹) |
|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പറും തിയ്യതിയും | തുക (₹) | | | ഉൾപ്പെട്ട തുക (₹) | ഈടാക്കിയ തുക (₹) | | |
| 1 | 2008-09 | 2-1 | P.Haridasan | | 2,890 | | | | | | 2,890 |
| | | 2-3b | | LF10423/sp.cell/ | 1,140 | | | | | | 1,140 |
| | | 2-3a | | ScD1/12/15.6.15 | 150 | | | | | | 150 |
| | | 2-2 | | LF10423/sp.cell/ | 2,333 | | | | | | 2,333 |
| | | 3-1a | | ScD1/12/16-7-14 | 40,000 | | | | | | 40,000 |
| | | 3-1b | | LF10423/sp.cell/ | 30,000 | | | | | | 30,000 |
| | | 3-2 | | ScD1/12/16-7-14 | 45,520 | | | | | | 45,520 |
| | | 3-8 | | | 5,000 | | | | | | 5,000 |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

**എ). സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (₹) | 19,82,24,121 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് (₹) | 19,35,08,530 |
| വരവിനങ്ങളിലെ നഷ്ടം (₹) | 0 |
| ചെലവിനങ്ങളിലെ നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക (₹) | 1,29,840 |
| ഓഡിറ്റിൽ തടസപ്പെടുത്തിയ തുക (₹) | 67,89,971 |

**ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം.**

| ഖണ്ഡിക നം. | നഷ്ടമായ തുക (₹) | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | |
| 3-1 | - | 1,20,000 | ശ്രീമതി. അശ്വതി വിജയൻ, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (ചമ്രവട്ടം സർക്കിൾ) |
| 3-2 | - | 9,840 | ശ്രീ. അബ്ബാസ്. പി. പി, സെക്രട്ടറി |
| **ആകെ** | **-** | **1,29,840** | |

**സി). ഓഡിറ്റിൽ തടസപ്പെടുത്തിയ തുക.**

| ഖണ്ഡിക നമ്പർ | തുക (₹) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-20 | 11,10,966 | ശ്രീ. അബ്ബാസ്. പി. പി, സെക്രട്ടറി |
| 1-22 | 5,24,727 | ശ്രീ. അബ്ബാസ്. പി. പി, സെക്രട്ടറി |
| 1-24 | 1,68,800 | ഡോ.മുബാറക് നദീർ കുട്ടി |
| 1-26 | 4,44,261 | ശ്രീ. അബ്ബാസ്. പി. പി, സെക്രട്ടറി |
| 1-31 | 29,25,755 | ശ്രീമതി.അശ്വതി വിജയൻ, വി.ഇ.ഒ. |
| 1-32 | 12,24,810 | ഡോ. അശ്വനി സെൻ, വെറ്ററിനറി സർജൻ |
| 1-33 | 1,80,652 | ഡോ. അശ്വനി സെൻ, വെറ്ററിനറി സർജൻ |
| 1-35 | 2,10,000 | ശ്രീമതി.അശ്വതി വിജയൻ, വി.ഇ.ഒ. |

| | | |
|---|---|---|
| ആകെ | 67,89,971 | |

**ഡി) കേന്ദ്ര സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല.

**ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ.**

ഇല്ല.

**എഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ.**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി. അശ്വതി വിജയൻ, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, തൃപ്രങ്ങോട് ഗ്രാമപഞ്ചായത്ത് | ശാന്തി നിവാസ്, കിള്ളി, കൊല്ലോട് പി.ഒ തിരുവനന്തപുരം - 695571 |
| ശ്രീ. അബ്ബാസ്. പി. പി, സെക്രട്ടറി | സെക്രട്ടറി, തൃപ്രങ്ങോട് ഗ്രാമപഞ്ചായത്ത് | തുൾക്കാട്ടയിൽ, പനമ്പാട്, പുറങ്ങ് പി.ഒ മലപ്പുറം - 679584 |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ക്രമ നം | ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|---|
| 1 | 1997-98 | എൽ.എഫ്.എം.7/246/06 തീയതി: 03.11.2010 | 4 |
| 2 | 1998-99 | എൽ.എഫ്.എം.7/1836/06 തീയതി: 03.11.2010 | 22 |
| 3 | 1999-2000 | എൽ.എഫ്.എം.14/577/08 തീയതി: 05.10.10 | 3 |
| 4 | 2000-01 | എൽ.എഫ്.എം.14/578/08 തീയതി: 5.10.10 | 11 |
| 5 | 2001-02 | എൽ.എഫ്.എം.14/579/08 തീയതി: 5.10.10 | 8 |
| 6 | 2002-03 | എൽ.എഫ്.എം.14/580/08 തീയതി: 5.10.10 | 2 |
| 7 | 2003-04 | എൽ.എഫ്.എം.14/581/08 തീയതി: 5.10.10 | 11 |
| 8 | 2004-05 | കെ.എസ്.എ.എം.പി.എം.17/325/22(1) തീയതി: 29.09.2022 | 10 |
| 9 | 2005-06 | കെ.എസ്.എ.എം.പി.എം.17/325/22(2) തീയതി: 29.09.2022 | 9 |
| 10 | 2006-07 | കെ.എസ്.എ.എം.പി.എം.17/325/22(3) തീയതി: 29.09.2022 | 4 |
| 11 | 2007-08 | കെ.എസ്.എ.എം.പി.എം.17/325/22(4) തീയതി: 29.09.2022 | 11 |
| 12 | 2008-09 | കെ.എസ്.എ.എം.പി.എം.17/325/22(5) തീയതി: 29.09.2022 | 10 |
| 13 | 2009-10, 2010-11 | കെ.എസ്.എ.എം.പി.എം.17/325/22(6) തീയതി: 29.09.2022 | 9 |

| | | | |
|---|---|---|---|
| 14 | 2011-12, 2012-13 | കെ.എസ്.എ.എം.പി.എം.17/325/22(7) തീയതി: 29.09.2022 | 8 |
| 15 | 2013-14, 2014-15 | കെ.എസ്.എ.എം.പി.എം.17/325/22(8) തീയതി: 29.09.2022 | 8 |
| 16 | 2015-16 | കെ.എസ്.എ.എം.പി.എം..17/21/2017 തീയതി: 20-02-18 | 13 |
| 17 | 2016-17 | കെ.എസ്.എ.എം.പി.എം.17/2037/2017 തീയതി: 25-04-23 | 9 |
| 18 | 2017-18 | കെ.എസ്.എ.എം.പി.എം.17/577/2019 തീയതി: 25-04-23 | 6 |
| 19 | 2018-19 | കെ.എസ്.എ.എം.പി.എം.17/1743/2020 തീയതി: 22.02.2021 | 10 |
| 20 | 2019-20 | കെ.എസ്.എ.എം.പി.എം.17/2144/2021 തീയതി: 26.08.2022 | 10 |
| 21 | 2020-21 | കെ.എസ്.എ.എം.പി.എം.17/2145/2021 തീയതി: 26.08.2022 | 18 |
| 22 | 2021-22 | കെ.എസ്.എ.എം.പി.എം.17/174/2023 തീയതി: 16-06-23 | 13 |

**ഡെപ്യൂട്ടി ഡയറക്ടർ**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 2 dated 21-07-2023 and submitted on 14-09-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03- 2023 , with supporting forms, of the Thriprangode Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Thriprangode Grama Panchayat for the year 2022-2023

**Date: 04/12/2023**

**Deputy Director**
**District Office Malappuram**
**Kerala State Audit Department**

# Audit Report appended to the Audit Certificate of Thriprangode Grama Panchayat for the Year 2022-2023 .

**1.Major Observations**

1. Discrepancies in carrying forward of the closing balance in the year in respect of assets are detailed below.

| Account Head | Closing balance as per balance sheet as on 31.03.2022 (Rs.) | Opening balance as per ledger as on 01.04.2022 (Rs.) | Difference (Rs.) |
|---|---|---|---|
| 450210101 - STATE BANK OF INDIA - (67387650473) | 59,171 | 59,176 | 5 |
| **Total** | **59,171** | **59,176** | **5** |

2. Discrepancies in carrying forward of the closing balance in the year in respect of liabilities are detailed below.

| Account Head | Closing balance as per balance sheet as on | Opening balance as per ledger as on 01.04.2022 | Difference (Rs.) |
|---|---|---|---|

| | 31.03.2022 (Rs.) | (Rs.) | |
|---|---|---|---|
| 350300112 - Government And Other Dues Payable -Value of Court Fee Stamp | 0 | 5 | 5 |
| **Total** | **0** | **5** | **5** |

**2.Other Observations**

1. The following mandatory financial statements prescribed in accounting rules are not submitted for audit.
    1. Ratios
    2. Notes on accounts
    3. Comparative amounts
2. A few figures in annual financial statements are not recorded in whole numbers in accordance with accounting rules.
3. Lapses in making timely demand entries in respect of tax and non-tax revenue.
4. An amount of Rs. 2,000 collected as fines using manual receipt leafs and booked under outdoor collection control account (asset head) was not posted into appropriate income head.
5. Income-over-expenditure amount recorded wrongly in the abstract of Income and expenditure statement, although correctly carried over to balance sheet.
6. Cashflow statement - Net increase in cashflow does not match with the difference between the opening balance and closing balance of cash and cash equivalents.
7. Huge amounts shown as liabilty in 320800101 - Beneficiary contributions head due to absence of making timely journal entries while spending beneficiary contribution.
8. Cheques uncashed for more than 3 months were not transfered to Stale cheque account.
9. The closing balance as per bank book as shown in bank reconciliation statement differs from actual balance as per bank book for certain bank/treasury accounts.
10. Bank passbook/statement was not presented for verification in respect of certain bank accounts shown in balance sheet.
11. The following register is not up to date and is not reliable for audit
    i. Asset register
12. The following register is not maintained
    i. Appropriation control register for specific purpose grants kept in own fund account
13. Grant liability amount shown as liability in Balance sheet does not match with bank account opened for the specified grant account.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ തൃപ്രങ്ങോട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്